VOL NO: 04 | ISSUE 41
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 OCTOBER 10 | 1442 SAFAR 23 | ₹12

വാരിക



## ബാബരി ധ്വംസനം: ജുഡീഷ്യറിയുടെ 'ദുർവിധി?'

ബാബരി മസ്ജിദ് തകർത്തതിന്റെ ബുദ്ധികേന്ദ്രം ഏതെന്നും അതിനു വേണ്ടി കർസേവകരെ ആവേശഭരിതരാക്കിയത് ആരെന്നും പൗർണമി രാവിലെ ചന്ദ്രനെ പോലെ ലോകം മനസ്സിലാക്കിയിട്ടുണ്ട്. കോടതികൾ സാങ്കേതികമായി കുറ്റവിമുക്തരാക്കിയാലും സത്യത്തിന്റെ കണ്ണിൽ അവർ എന്നും കുറ്റവാളികൾ തന്നെയാണ്. സംഭവസ്ഥലത്തുണ്ടായിരുന്ന മാധ്യമ പ്രവർത്തകരും ഉദ്യോഗസ്ഥരിൽ ചിലരും അന്വേഷിച്ച ലിബർഹാൻ കമ്മീഷനും കുറ്റവാളികളുടെ പേരുകൾ ഒരുപോലെ പുറത്തുവിട്ടിട്ടും അവരെങ്ങനെ കുറ്റവിമുക്തരായി എന്ന ചോദ്യത്തിന് മുമ്പിൽ ഇന്ത്യക്ക് തല നിവർത്താനാവുമോ?

- ആരാണ് ശിയാക്കൾ?
- പരിശുദ്ധ ക്വുർആനിലെ ഉപമാലങ്കാരങ്ങളിലൂടെ
- ഉത്തർപ്രദേശിൽ നിന്ന് ഉയരുന്ന വിഷപ്പുകയും ശ്വാസംമുട്ടുന്ന ഇന്ത്യയും

## ഹത്രാസിൽ നടന്നത് സവർണ പത്രാസിന്റെ പൈശാചിക വിളയാട്ടം

യോഗി ഭരിക്കുന്ന യു.പിയിലെ ഹത്രാസിൽ ദളിത് പെൺകുട്ടിയെ ബലാൽസംഗം ചെയ്ത് കൊന്നുകളഞ്ഞ സംഭവം മനുഷ്യമനഃസാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്. സവർണ മുഷ്കിന്റെ ശരീരഭാഷയിലാണ് ഭരണാധികാരികൾ ഇപ്പോഴും വിഷയത്തോട് പ്രതികരിക്കുന്നത് എന്നതാണ് ഏറ്റവും പേടിപ്പെടുത്തുന്ന വസ്തുത.


peaceradio
Tune to reality
അന്നൂർ
ക്വുർആൻ പഠന പദ്ധതി
മൊഡ്യൂൾ-5
അവതരണം:
അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി
പീസ് റേഡിയോ
കോഴ്സുകൾ
നിങ്ങൾ
കേട്ടു തുടങ്ങിയോ..?
annoor
QURAN LEARNING PROGRAMME
തിങ്കൾ, ബുധൻ, വെള്ളി
10:00 PM
LiFE
peaceradio CERTIFICATION PROGRAM
ചൊവ്വ, വ്യാഴം
ദിവസങ്ങളിൽ
10:00 PM
ഇന്ത്യൻ സമയം
LiFE
peaceradio
CERTIFICATION
PROGRAM
രോഗം - മരണം -
മരണാനന്തര കർമങ്ങൾ
അവതരണം:
മുഹമ്മദ് സാദിഖ് മദീനി
പീസ് റേഡിയോ
നിങ്ങളുടെ ഫോണിൽ ലഭിക്കാൻ
GET IT ON Google Play
Available on the App Store
Radioforpeace
YouTube peaceradio
www.peaceradio.com
Email : hello@peaceradio.com
9020 840 840

നേർപഥം
വാരിക

0195 / 2020 ഒക്ടോബർ 10 / 1442 സഫർ 23 / പുസ്തകം 04 / ലക്കം 41



# ബാബരി ധ്വംസനം: ജുഡീഷ്യറിയുടെ 'ദുർവിധി?'

**സുഫ്‌യാൻ അബ്ദുസ്സലാം**


**ബാലപഥം**

അബ്ദുർറഹ്മാനുബ്നു ഔഫ് (റ) / 04
ഉസ്മാൻ പാലക്കാഴി

**ലേഖനം**

കരാർപാലനം / 07
അബ്ദുൽ ജബ്ബാർ മദീനി

ആരാണ് ശിയാക്കൾ? / 18
നൂറുദ്ദീൻ സ്വലാഹി

പരിശുദ്ധ ക്വുർആനിലെ ഉപമാലങ്കാരങ്ങളിലൂടെ / 26
ഡോ: ഹാഫിസ് ജലാലുൽഹഖ് സലഫി, ആമയൂർ

കുവൈത്ത്: നയതന്ത്ര വിശാരദൻ അരങ്ങൊഴിഞ്ഞു / 31
പി.എൻ. അബ്ദുല്ലത്വീഫ് മദനി

**മുഖമൊഴി**

ഹത്രാസിൽ നടന്നത് സവർണ പത്രാസിന്റെ പൈശാചിക വിളയാട്ടം / 05

**ജാലകം**

സമീപനം / 06
- സി

**ഹദീസ് പാഠം**

ഉത്തമ പുരുഷൻ / 17
അബൂഫായിദ

**നമുക്ക് ചുറ്റും**

ഉത്തർപ്രദേശിൽനിന്ന് ഉയരുന്ന വിഷപ്പുകയും ശ്വാസംമുട്ടുന്ന ഇന്ത്യയും / 34
ടി.കെ.അശ്റഫ്


Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# അബ്ദുർറഹ്മാനുബ്നു ഔഫ് ؓ

വെള്ളിയാഴ്ച പള്ളിയിൽനിന്നും ഉപ്പാന്റെ കൈപിടിച്ച് പുറത്തിറങ്ങുമ്പോൾ ബിലാലിന്റെ മനസ്സിൽ ഒരുപാട് സംശയങ്ങളുണ്ടായിരുന്നു. 'സ്വഹാബികളുടെ ചരിത്രം പഠിക്കണം, അപ്പോഴാണ് അവർ സഹിച്ച ത്യാഗവും പ്രയാസങ്ങളും എത്രമാത്രമായിരുന്നു എന്ന് മനസ്സിലാവുക. യാതൊരു പ്രയാസവും സഹിക്കാതെ അവർ പോയ സ്വർഗത്തിലേക്ക് നമുക്കെങ്ങനെ പോകാനാവും' എന്നൊക്കെ ഉസ്താദിന്റെ പ്രസംഗത്തിൽനിന്നു കേട്ടതാണ് സംശയങ്ങളുയരാൻ കാരണം.

"ഉപ്പാ, സ്വഹാബിമാരെക്കുറിച്ച് എനിക്ക് പറഞ്ഞുതരുമോ?" വീട്ടിലേക്ക് നടക്കുന്നതിനിടയിൽ ബിലാൽ ചോദിച്ചു.

"മോനേ, മുഹമ്മദ് നബിﷺയിൽനിന്നും നേരിട്ട് ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കാൻ ഭാഗ്യം ലഭിച്ചവരാണ് സ്വഹാബിമാർ. അങ്ങനെയുള്ള അനേകം സ്വഹാബിമാരുണ്ട്. ഉസ്താദിന്റെ പ്രസംഗം കേട്ടപ്പോൾ അവരെക്കുറിച്ച് മനസ്സിലാക്കാൻ നിനക്ക് താൽപര്യമുണ്ടായല്ലോ. നല്ല കാര്യം" ഉപ്പ ബിലാലിനെ അഭിനന്ദിച്ചു.

വീട്ടിലെത്തി ഭക്ഷണം കഴിച്ച് വിശ്രമിക്കുന്ന വേളയിൽ ഉപ്പ ബിലാലിനെ അരികിലേക്ക് വിളിച്ചു വരുത്തി ചോദിച്ചു: "നിനക്ക് ഏത് സ്വഹാബിയെക്കുറിച്ചാണ് അറിയേണ്ടത്?"

ബിലാൽ: "എല്ലാവരെക്കുറിച്ചും മനസ്സിലാക്കണമെന്നാണ് ആഗ്രഹം."

ഉപ്പ: "ശരി, എങ്കിൽ ഇന്ന് അബ്ദുർറഹ്മാനുബ്നു ഔഫ് എന്ന മഹാനായ സ്വഹാബിയെക്കുറിച്ച് അൽപം പറഞ്ഞുതരാം. നീ അദ്ദേഹത്തെക്കുറിച്ച് വല്ലതും കേട്ടിട്ടുണ്ടോ?"

ബിലാൽ: "പേരു കേട്ടിട്ടുണ്ട്. സ്വർഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട പത്തുപേരിൽ ഒരാളാണെന്നും അറിയാം. കൂടുതലൊന്നും അറിയില്ല."

ഉപ്പ: "ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ചവരിൽ ഒരാളായ അബ്ദുർറഹ്മാനുബ്നു ഔഫ് നല്ലൊരു കച്ചവടക്കാരനായിരുന്നു. 'ഞാൻ ഭൂമിയിൽനിന്ന് ഒരു പാറക്കഷ്ണം പൊക്കിയെടുത്താൽ അല്ലാഹു എനിക്ക് അതിനുള്ളിൽ വെള്ളിക്കട്ടി നിക്ഷേപിച്ചിരിക്കും. അത്രമാത്രം ലാഭകരമായിരിക്കും എന്റെ കച്ചവടം' എന്ന് അദ്ദേഹം തന്നെ പറഞ്ഞതായി ചരിത്രത്തിൽ കാണാം."

ബിലാൽ: "അപ്പോൾ അദ്ദേഹം വലിയ സമ്പന്നനായിരിക്കുമല്ലോ!"

ഉപ്പ: "അതെ, അദ്ദേഹം അതിസമ്പന്നനായിരുന്നു. എന്നാൽ അദ്ദേഹം സമ്പത്തിന്റെ അടിമയായി ജീവിച്ചില്ല. എഴുപത്തിയഞ്ചാമത്തെ വയസ്സിൽ മരണപ്പെടുന്നതുവരെ വിശ്വാസികൾക്ക് മാതൃകാപുരുഷനായി അദ്ദേഹം ജീവിച്ചു."

ബിലാൽ: "മക്കയിൽനിന്ന് മുസ്‌ലിംകൾ മദീനയിലേക്ക് ഹിജ്റ (പലായനം) പോയപ്പോൾ അബ്ദുർറഹ്മാനുബ്നു ഔഫും പോയിരുന്നുവോ?"

ഉപ്പ: "അതെ. അതിനുമുമ്പ് രണ്ടു തവണ അബ്സീനിയയിലേക്കും അദ്ദേഹം ഹിജ്റ പോയിട്ടുണ്ട്. ഹിജ്റ ചെയ്തെത്തിയ മുസ്‌ലിംകൾക്ക് മദീനയിൽ വീടും സ്വത്തുമൊന്നുമുണ്ടാകില്ലല്ലോ. മുഹാജിറുകളെ ഏറ്റെടുക്കുവാൻ നബിﷺ അൻസ്വാറുകളോട് ആവശ്യപ്പെട്ടപ്പോൾ സ്വന്തം സഹോദരങ്ങളായിക്കണ്ട് ഏറ്റെടുത്ത് ഒന്നോ രണ്ടോ അതിലധികമോ പേരെ സ്വന്തം വീട്ടിൽ താമസിപ്പിക്കുവാൻ അവർ തയ്യാറായി. സഅ്ദുബ്നു റബീഇؓനെയാണ് അബ്ദുർറഹ്മാനുബ്നു ഔഫിؓന് കൂട്ടുകാരനായി ലഭിച്ചത്." **(തുടരും)**

## “ഹത്രാസിൽ നടന്നത് സവർണ പത്രാസിന്റെ പൈശാചിക വിളയാട്ടം”

ആദിത്യയോഗി എന്ന സംഘ്പരിവാർ മുഖ്യമന്ത്രി ഭരിക്കുന്ന ഉത്തർ പ്രദേശിൽ നിന്ന് അദ്ദേഹം ഭരണം കയ്യാളാൻ തുടങ്ങിയ നാൾതൊട്ടേ കേൾക്കുന്നതാണ് നരനായാട്ടിന്റെ വാർത്തകൾ. ആധുനികലോകത്ത് ജീവിക്കുന്ന ഒരു മനുഷ്യന് എത്രകണ്ട് നീചമായ രീതിയിൽ അധഃപതിക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം അനുദിനം വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. പോലീസിനെയും ഭരണസംവിധാനങ്ങളെയും ഉപയോഗിച്ച് ന്യൂനപക്ഷസമുദായത്തെയും ദലിതുകളെയും വേട്ടയാടിക്കൊണ്ടിരിക്കുന്ന ആ മനുഷ്യൻ ജനാധിപത്യ, മതനിരപേക്ഷ ഇന്ത്യക്ക് ഏറ്റവും വലിയ അപമാനമാണെന്ന് പറയാതിരിക്കാൻ വയ്യ.

യുപിയിൽ ആദ്യമായല്ല ബലാൽസംഗവും കൊലപാതകവും നടക്കുന്നത്. അത് അവിടെ ഒരു തുടർക്കഥയാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ പ്രജകളെ വേർതിരിച്ച് പരസ്പരം പോരടിപ്പിക്കുന്ന, ദലിതർക്കും മതന്യൂനപക്ഷങ്ങൾക്കും പച്ചയായി നീതിനിഷേധിക്കുന്ന, അവരെ മനുഷ്യരായിപോലും കണക്കാക്കാൻ കൂട്ടാക്കാത്ത, പശുക്കൾക്ക് നൽകുന്ന പരിഗണനപോലും നൽകാത്ത ഒരു ഭരണകൂടത്തിന്റെ കണ്ണിൽ ദലിത് സ്ത്രീകൾ ബലാൽസംഗത്തിന് ഇരയാകുന്നതും കൊല്ലപ്പെടുന്നതും ഒരു കുറ്റകൃത്യമേ അല്ല. ഹത്രാസിൽ ഒരു പശുവായിരുന്നു കൊല്ലപ്പെട്ടിരുന്നതെങ്കിൽ ഭരണകൂടം നിമിഷങ്ങൾക്കകം പ്രതികളെ പിടികൂടാൻ കൽപന പുറപ്പെടുവിക്കുമായിരുന്നില്ലേ? ഒട്ടും വൈകാതെ ‘പ്രതി’കളെ പിടികൂടുമായിരുന്നില്ലേ? ഉന്നത ജാതിത്തമ്പുരാക്കൻമാർ തന്നെ പ്രതികളെ കല്ലെറിഞ്ഞും അടിച്ചും കൊലപ്പെടുത്തി ‘പൊറുക്കാൻ പറ്റാത്ത അപരാധ’ത്തിന് ശിക്ഷ നടപ്പിലാക്കുമായിരുന്നില്ലേ?

എന്നാൽ പീഡനത്തിന് ഇരയായതും കൊല്ലപ്പെട്ടതും ഒരു ‘താഴ്ന്ന ജാതി’യിൽ പെട്ട പെൺകുട്ടിയാണ്. പ്രതികളാകട്ടെ ‘ഉന്നത ജാതി’ക്കാരും! മനുസ്മൃതി പ്രകാരം ബ്രാഹ്മണന്റെ ഏതു തെറ്റും വളരെ നിസ്സാരമാണല്ലോ. ബ്രാഹ്മണൻ സ്വയം ഈശ്വരനാണെന്നും അയാളുടെ പൂജയാണ് ഈശ്വരപൂജയെന്നും അയാളുടെ നീതിശാസ്ത്രമാണ് ഈശ്വരന്റെ നീതിശാസ്ത്രമെന്നും അതിന്റെ സംസ്ഥാപനമാണ് മനുഷ്യകർമമെന്നും പ്രഖ്യാപിച്ച ഗോർവാൾക്കറുടെ അനുയായികളുടെ കണ്ണിൽ അവർണർ വെറും പുഴുക്കൾ മാത്രം. ഹത്രാസിൽ നടക്കുന്നത് ബ്രാഹ്മണരോടുള്ള വിരോധം തീർക്കലാണ് എന്ന് കേരളത്തിലെ ഒരു ബിജെപി നേതാവ് പ്രസ്താവിച്ചത് ഇതിനോട് ചേർത്തുവായിക്കുക.

മരണപ്പെട്ട പെൺകുട്ടിയുടെ സംസ്കാര ചടങ്ങുകൾ നടത്താനോ അവസാനമായി വീട്ടിലെത്തിച്ച് ഒന്നു കാണാനോ പോലും സ്വന്തക്കാർക്ക് അനുവാദം നൽകാതെ പോലീസ് കത്തിച്ചു വെണ്ണീറാക്കിയത് എന്തിനായിരുന്നു? ബലാൽസംഗം ചെയ്യപ്പെട്ടിട്ടില്ല എന്നതിന് തെളിവുകൾ ഉണ്ടാക്കിക്കഴിഞ്ഞു! റീപോസ്റ്റ് മോർട്ടം നടത്താൻ അവസരമുണ്ടായിക്കൂടാ. കത്തിച്ചുകളഞ്ഞാൽ പിന്നെന്ത് പോസ്റ്റ് മോർട്ടം!

കൊല്ലപ്പെട്ട പെൺകുട്ടിയുടെ വീട്ടിലേക്കോ വീടിന്റെ പരിസരത്തിലേക്കോ മാധ്യമപ്രവർത്തകരെയും പാർട്ടി നേതാക്കളെയും കടത്തിവിടാതെ യുദ്ധസമാനമായ രീതിയിൽ പോലീസ് ഇടപെടലുണ്ടായത് എന്തിനായിരുന്നു? എല്ലാറ്റിനും പിന്നിൽ തയ്യാറാക്കിയ തിരക്കഥയുണ്ട്. ബലാൽസംഗം നടന്നിട്ടില്ല എന്ന് എഡിജിപി പ്രഖ്യാപിച്ചു! ഫോറൻസിക് അന്വേഷണത്തിലും പ്രാഥമിക മെഡിക്കൽ പരിശോധനയിലും പോസ്റ്റ്മോർട്ടം പരിശോധനയിലും ബലാൽസംഗം നടന്നിട്ടില്ല എന്നാണത്രെ വ്യക്തമാക്കുന്നത്!

ഗത്യന്തരമില്ലാതെ അന്വേഷണം സിബിഐക്കു വിട്ടിരിക്കുന്നു. കൂട്ടിലെ തത്തയെന്ന് ഒരിക്കൽ സുപ്രീംകോടതിതന്നെ വിശേഷിപ്പിച്ച സിബിഐയുടെ അന്വേഷണഫലം എന്താകുമെന്ന് ഇപ്പോൾതന്നെ വ്യക്തമാക്കുന്ന രൂപത്തിൽ കുറ്റാരോപിതർ നിരപരാധികളാണെന്ന് സിബിഐ തെളിയിക്കുമെന്ന് ബിജെപി നേതാവ് രജ്‌വീർ സിങ് പഹൽവൻ പറഞ്ഞുവച്ചിരിക്കുന്നു.

-സി.
mail@nerpatham.com

# സമീപനം

ഇസ്‌ലാം കഠിനമായി വിരോധിച്ച കുറ്റങ്ങളിലൊന്നാണ് വ്യഭിചാരം. അത് ചെയ്യുന്നത് മാത്രമല്ല അതിനോടടുക്കുന്ന കാര്യങ്ങൾ പോലും മതം ശക്തിയായി വിലക്കി.

"നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു"(ക്വുർആൻ 17:32).

അഥവാ ലൈംഗിക വിചാരത്തിന് വഴിവെക്കുന്ന നോട്ടവും കാഴ്ചയും സാമീപ്യവും വേഷവും സാഹചര്യവും ഉത്തേജനാത്മകമായ ശ്രവണങ്ങളുമെല്ലാം ഇസ്‌ലാം വിലക്കി. വ്യഭിചാരക്കുറ്റത്തിന്റെ ശിക്ഷ കഠിനമാണ്. വ്യഭിചാരാരോപണം നടത്തുന്നവൻ അതിന് നാല് സാക്ഷികളെ ഹാജറാക്കിയില്ലെങ്കിൽ അവനുമുണ്ട് ശിക്ഷ. സ്വന്തം ഭാര്യ വ്യഭിചാരത്തിലേർപ്പെട്ടത് നേരിൽ കണ്ട ഒരാൾ നബിയോട് ചെന്ന് വിവരം പറഞ്ഞപ്പോൾ നാല് സാക്ഷികളെ ഹാജറാക്കിയില്ലെങ്കിൽ നിന്നെ ആദ്യം ശിക്ഷിക്കുമെന്നാണ് നബിﷺ അദ്ദേഹത്തിന് മറുപടി കൊടുത്തത്. മദ്യവും വ്യഭിചാരവും തുടങ്ങി എല്ലാ തിന്മകളും നിത്യജീവിതത്തിന്റെ ഭാഗമായി കരുതിയ ജാഹിലിയ്യാ കാലത്തെ മനുഷ്യനെ ഇസ്‌ലാമിക സംസ്‌കാരം പഠിപ്പിച്ച് ക്രമാനുഗതമായി വളർത്തിക്കൊണ്ടുവന്ന ഇസ്‌ലാമിന്റെ ആദ്യകാലത്താണു ഈ സംഭവം.

ഇതുപോലെ മറ്റൊരു സംഭവും കൂടി ഇമാം അഹ്മദ്‌ ഉദ്ധരിച്ചത് കാണുക; മനുഷ്യരോടുള്ള സമീപനത്തിന്റെ പ്രവാചകശൈലിയാണ് ഈ പറയുന്ന സംഭവം നമ്മെ പഠിപ്പിക്കുന്നത്: ഒരു യുവാവ് നബിﷺയുടെ അടുത്തുവന്ന് ഒരു ആവശ്യം ഉന്നയിക്കുകയാണ്: 'നബിയേ...എനിക്ക് വ്യഭിചരിക്കാൻ അനുവാദം തരണം!' സാമൂഹ്യ സാഹചര്യവും ആ യുവാവിന്റെ മനോനിലപാടും കൃത്യമായി മനസ്സിലാക്കിയ നബിയുടെ അനുയായികളാവട്ടെ വല്ലാത്ത നീരസവും അസഹിഷ്ണുതയും പ്രകടിപ്പിച്ചുകൊണ്ട് അയാളോട് മാറിനിൽക്കാനാവശ്യപ്പെടുന്നുണ്ടായിരുന്നു. എന്നാൽ നബിﷺ അയാളെ അടുത്തേക്ക് വിളിച്ചു. മെല്ലെ സംസാരം തുടങ്ങി: 'താങ്കൾ വ്യഭിചരിക്കുന്നത് നിങ്ങളുടെ ഉമ്മയെയായാലോ?' അയാൾ: 'വേണ്ട!' നബിﷺ: 'ശരിയാണ് ഒരു മനുഷ്യനും മക്കളുമൊത്ത് അതിഷ്ടപ്പെടുകയില്ല...' ഇങ്ങനെ നബിﷺ അയാളോട് സഹോദരിയെപ്പറ്റിയും പിതൃസഹോദരിയെപ്പറ്റിയും ചോദിച്ചു. അപ്പോഴൊക്കെ വളരെ വെറുപ്പോടെ അയാളത് നിരാകരിച്ചു. അപ്പോൾ നബിﷺ അദ്ദേഹത്തിന്റെ തലക്കുമീതെ കൈവെച്ചുകൊണ്ട് ഇങ്ങനെ പ്രാർഥിച്ചു: 'അല്ലാഹുവേ, ഇദ്ദേഹത്തിന്റെ പാപം നീ പൊറുത്താലും. ഇദ്ദേഹത്തിന്റെ ഹൃദയം ശുദ്ധീകരിച്ചാലും. അദ്ദേഹത്തിന്റെ ലൈംഗിക വിശുദ്ധി സംരക്ഷിക്കേണമേ.' ഈ സംഭവത്തിന്റെ ശേഷം അദ്ദേഹം അത്തരം തിന്മകളിലേക്ക് തിരിഞ്ഞുനോക്കിയിട്ടുപോലുമില്ലെന്ന് ചരിത്രം.

സമൂഹവുമായി ഇടപെടുമ്പോൾ ശ്രദ്ധിക്കേണ്ട ബുദ്ധിപൂർണമായ സമീപനം എങ്ങനെയാവണം എന്നതാണ് ഈ സംഭവം നമുക്കു നൽകുന്ന പാഠം. ക്രൂരനോ, ശത്രുവോ, അസൂയാലുവോ ആരാവട്ടെ; നല്ല സമീപനം കൊണ്ട് അവനെ നമുക്ക് കീഴ്‌പെടുത്താൻ കഴിഞ്ഞേക്കും.

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു" (ക്വുർആൻ 41:34).


"നീ നിന്റെ ദാസൻമാരോട് പറയുകയും ചെയ്യുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്. തീർച്ചയായും പിശാച് അവർക്കിടയിൽ (കുഴപ്പം) ഇളക്കിവിടുന്നു. തീർച്ചയായും പിശാച് മനുഷ്യന്ന് പ്രത്യക്ഷ ശത്രുവാകുന്നു" (ക്വുർആൻ 17:53).

നല്ല വാക്കുകളും സമീപനങ്ങളും കൊണ്ട് ശത്രുവെ കീഴ്‌പ്പെടുത്തുക മാത്രമല്ല, എത്രവലിയ മനഃസംഘർഷമുള്ളവർക്കും ആശ്വാസം നൽകാൻ സാധിക്കും. രോഗങ്ങൾ, ദാരിദ്ര്യം, പ്രകൃതിദുരന്തങ്ങൾ, ധനനഷ്ടം തുടങ്ങി പലകാരണങ്ങളാലും മനസ്സ് തളർന്നിരിക്കുന്ന ഒട്ടേറെ മനുഷ്യരെ നമുക്കുചുറ്റും കാണാം. അവരെയൊക്കെ ഒന്ന് വിളിച്ച് നല്ലവാക്ക് പറയാനും കാര്യങ്ങളന്വേഷിക്കാനും പ്രാർഥിക്കാനും നാം സമയം കണ്ടെത്തണം. കൈനിറയെ കൊടുക്കുന്നതിനെക്കാൾ ആ നല്ല ഒരു വാക്കു മതി ആരുടെയും മനം കുളിർക്കാൻ. ഹൃദ്യമായ സമീപനം ഒരു വലിയ സഹായമാണ്. ആരെയും കീഴ്‌പെടുത്താൻ പോന്ന ആയുധമാണ്. സർവോപരി മഹാപുണ്യകർമമാണ്.

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 33




# കരാർപാലനം

കരാറുകൾ പാലിക്കലും വാക്കുകൾ നിറവേറ്റലും ഉടമ്പടികളെ മാനിക്കലും വിശ്വാസിയുടെ ബാധ്യതയും വിശ്വാസത്തിന്റെ തേട്ടവും മാന്യന്മാരുടെ മേൽവിലാസവുമാണ്. കരാർ പാലിക്കുവാനുള്ള ആജ്ഞകൾ വിശുദ്ധ വചനങ്ങളിൽ ഏറെയാണ്:

“സത്യവിശ്വാസികളേ, നിങ്ങൾ കരാറുകൾ നിറവേറ്റുക...” (ക്വുർആൻ 05:01).

“...നിങ്ങൾ കരാർ നിറവേറ്റുക. തീർച്ചയായും കരാറിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്” (ക്വുർആൻ 17:34).

“നിങ്ങൾ കരാർ ചെയ്യുന്നപക്ഷം അല്ലാഹുവിന്റെ കരാർ നിങ്ങൾ നിറവേറ്റുക. അല്ലാഹുവെ നിങ്ങളുടെ ജാമ്യക്കാരനാക്കിക്കൊണ്ട് നിങ്ങൾ ഉറപ്പിച്ചു സത്യം ചെയ്തശേഷം അത് ലംഘിക്കരുത്. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അറിയുന്നു” (ക്വുർആൻ 16:91).

കരാർ പാലിക്കുവാനും വാഗ്ദാനങ്ങൾ സൂക്ഷിക്കുവാനുമുള്ള തിരുദൂതരുﷺടെ കൽപന അറിയിക്കുന്ന ഒരു സംഭവം ഇപ്രകാരമുണ്ട്. സുലൈം ഇബ്നുആമിർ ؓ പറയുന്നു:

"മുആവിയ﷜യുടെയും റോമക്കാരുടെയും ഇടയിൽ ഒരു കരാറുണ്ടായിരുന്നു. മുആവിയ﷜ റോമക്കാരുടെ നാടിനുനേരെ കരാറിന്റെ കാലാവധി തീരാതെ അവരോട് യുദ്ധത്തിനായി സഞ്ചരിച്ചു. അപ്പോൾ ഒരു കുതിരപ്പുറത്ത് -അല്ലെങ്കിൽ ഒരു വാഹനപ്പുറത്ത്-ആഗതമായിക്കൊണ്ട് ഒരു വ്യക്തി പറഞ്ഞു: 'അല്ലാഹു അക്ബർ, അല്ലാഹു അക്ബർ. കരാർ പാലിക്കുക. ചതിപ്രയോഗം അരുത്.' (ആഗതനെ) അവർ നിരീക്ഷിച്ചു. അത് അംറ് ഇബ്നുഅബസ﷜യായിരുന്നു. മുആവിയ﷜ അദ്ദേഹത്തിങ്കലേക്ക് ആളെവിട്ട് അദ്ദേഹത്തോട് കാര്യം അന്വേഷിച്ചു. അംറ്﷜ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതർﷺ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: വല്ലവനും മറ്റൊരു വിഭാഗത്തിനും ഇടയിൽ വല്ല കരാറുമുങ്കെിൽ, കരാറിന്റെ കലാവധി തീരുന്നതുവരെ കരാറിന്നെതിരിൽ ഒരു നീക്കവും പാടുള്ളതല്ല. അല്ലെങ്കിൽ അവരും അറിയുവാൻ, അവർക്ക് കരാറിന്റെ കലാവധി അവസാനിച്ചിരിക്കുന്നു എന്ന വിവരം നൽകണം.' അതോടെ മുആവിയ﷜മടങ്ങുകയുണ്ടായി" (സുനനുഅബീദാവൂദ്. അൽബാനി സ്വഹീഹെന്നു വിശേഷിപ്പിച്ചു).

കരാർപാലനം വിജയികളായ വിശ്വാസികളുടെ ലക്ഷണങ്ങളിലൊന്നാണ്. അത്തരക്കാരെ കുറിച്ച് അല്ലാഹു പറഞ്ഞു: "തങ്ങളുടെ അമാനത്തുകളും കരാറുകളും പാലിക്കുന്നവരുമത്രെ (ആ വിജയം പ്രാപിച്ചവരായ വിശ്വാസികൾ)" (ക്വുർആൻ 23:8).

കരാർപാലനം സൂക്ഷ്മതപാലിക്കുന്നവരുടെ മേൽവിലാസങ്ങളിലൊന്നാണ്. അത്തരക്കാരെ കുറിച്ച് അല്ലാഹു പറഞ്ഞു: "കരാറിൽ ഏർപെട്ടാൽ അത് നിറവേറ്റുകയും വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാന്മാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ" (ക്വുർആൻ 2:177).

ഉൽബോധനങ്ങളിൽ ഉൽബുദ്ധരാകുന്ന മഹത്തുക്കളുടെ സവിശേഷതയെ കുറിച്ച് അല്ലാഹു പറഞ്ഞു: "അപ്പോൾ നിനക്ക് നിന്റെ രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് സത്യമാണെന്ന് മനസ്സിലാക്കുന്ന ഒരാൾ അന്ധനായിക്കഴിയുന്ന ഒരാളെപ്പോലെയാണോ? ബുദ്ധിമാന്മാർ മാത്രമെ ചിന്തിച്ച് മനസ്സിലാക്കുകയുള്ളൂ. അല്ലാഹുവോടുള്ള ബാധ്യത നിറവേറ്റുകയും കരാർ ലംഘിക്കാതിരിക്കുകയും ചെയ്യുന്നവരത്രെ അവർ" (ക്വുർആൻ 13:19,20).

കരാറിൽ കളവും വാഗ്ദത്തലംഘനവും യഹൂദികളുടെ സ്വഭാവമാണെന്നും അതിന്റെ തിക്തവും അപായകരവുമായ ഫലം എന്താണെന്നും അല്ലാഹു അറിയിക്കുന്നു:

"അങ്ങനെ അവർ കരാർലംഘിച്ചതിന്റെ ഫലമായി നാം അവരെ ശപിക്കുകയും അവരുടെ മനസ്സുകളെ നാം കടുത്തതാക്കിത്തീർക്കുകയും ചെയ്തു" (ക്വുർആൻ 5:13).

"എന്നിട്ട് അവർ കരാർലംഘിച്ചതിനാലും, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചതിനാലും, അന്യായമായി പ്രവാചകന്മാരെകൊലപ്പെടുത്തിയതിനാലും, തങ്ങളുടെ മനസ്സുകൾ അടഞ്ഞുകിടക്കുക യാണ് എന്ന് അവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). തന്നെയുമല്ല, അവരുടെ സത്യനിഷേധം കാരണമായി അല്ലാഹു ആ മനസ്സുകളുടെമേൽ മുദ്ര കുത്തിയിരിക്കുകയാണ്. ആകയാൽ ചുരുക്കത്തിലല്ലാതെ അവർ വിശ്വസിക്കുകയില്ല" (ക്വുർആൻ 4:155).

കപടന്മാരും കരാർലംഘനത്തിൽ ജൂതരുടെ പിന്നിലല്ലെന്ന് പ്രമാണങ്ങൾ അറിയിക്കുന്നു. വാക്കു പാലനത്തോട് തികഞ്ഞ വിരക്തി കാണിക്കുന്നവരാണ് കപടന്മാർ. അല്ലാഹു പറയുന്നു:

"അവർ അവനെ കണ്ടുമുട്ടുന്ന ദിവസം (ന്യായവിധിയുടെ ദിവസം) വരെ അവരുടെ ഹൃദയങ്ങളിൽ കാപട്യമുണ്ടായിരിക്കുക എന്നതാണ് അതിന്റെ അനന്തരഫലമായി അവൻ അവർക്ക് നൽകിയത്. അല്ലാഹുവോട് അവർ ചെയ്ത വാഗ്ദാനം അവർ ലംഘിച്ചതുകൊണ്ടും അവർ കള്ളം പറഞ്ഞിരുന്നതു കൊണ്ടുമാണത്" (ക്വുർആൻ 9:77).

> **ഉൽബോധനങ്ങളിൽ ഉൽബുദ്ധരാകുന്ന മഹത്തുക്കളുടെ സവിശേഷതയെ കുറിച്ച് അല്ലാഹു പറഞ്ഞു: "അപ്പോൾ നിനക്ക് നിന്റെ രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് സത്യമാണെന്ന് മനസ്സിലാക്കുന്ന ഒരാൾ അന്ധനായിക്കഴിയുന്ന ഒരാളെപ്പോലെയാണോ? ബുദ്ധിമാന്മാർ മാത്രമെ ചിന്തിച്ച് മനസ്സിലാക്കുകയുള്ളൂ. അല്ലാഹുവോടുള്ള ബാധ്യത നിറവേറ്റുകയും കരാർ ലംഘിക്കാതിരിക്കുകയും ചെയ്യുന്നവരത്രെ അവർ" (ക്വുർആൻ 13:19,20).**

അബൂഹുറയ്റ(റ)യിൽനിന്നു നിവേദനം. തിരുദൂതർ(ﷺ) പറഞ്ഞു: "കപടവിശ്വാസിയുടെ അടയാളം മൂന്നെണ്ണമാകുന്നു. അവൻ സംസാരിച്ചാൽ കളവ് പറയും. കരാർ ചെയ്താൽ ലംഘിക്കും. വിശ്വസിച്ചേൽപിക്കപ്പെട്ടാൽ വഞ്ചിക്കും"(ബുഖാരി).

മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരമാണുള്ളത്: "സംസാരിച്ചാൽ കളവുപറയും. ഉടമ്പടി ചെയ്താൽ ലംഘിക്കും. തർക്കിച്ചാൽ നെറികേട് പറയും" (ബുഖാരി).

കരാർ പാലിക്കുന്നവരുടെ മഹത്ത്വവും അവർക്കുള്ള പ്രതിഫലവും അറിയിക്കുന്ന ഏതാനും വചനങ്ങളും ഇവിടെ നാംഅറിഞ്ഞിരിക്കേതുണ്ട്:

"തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്. അതിനാൽ ആരെങ്കിലും(അത്) ലംഘിക്കുന്നപക്ഷം ലംഘിക്കുന്നതിന്റെ ദോഷഫലം അവന് തന്നെയാകുന്നു. താൻ അല്ലാഹുവുമായി ഉടമ്പടിയിൽ ഏർപെട്ട കാര്യം വല്ലവനും നിറവേറ്റിയാൽ അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്" (ക്വുർആൻ 48:10).

"അല്ല, വല്ലവനും തന്റെ കരാർ നിറവേറ്റുകയും ധർമനിഷ്ഠപാലിക്കുകയും ചെയ്യുന്നപക്ഷം തീർച്ചയായും അല്ലാഹു ധർമനിഷ്ഠ പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ക്വുർആൻ 3:76).

കരാർ ലംഘിക്കുന്നവരുടെ പരാജയവും അവർക്കുള്ള ശിക്ഷയും അറിയിക്കുന്ന ഏതാനും വചനങ്ങളും ഇതോടൊപ്പംനാം അിറഞ്ഞിരിക്കേതുണ്ട്. അല്ലാഹു പറഞ്ഞു:

"അല്ലാഹുവോടുള്ള കരാറും സ്വന്തം ശപഥങ്ങളും തുച്ഛവിലയ്ക്ക് വിൽക്കുന്നവരാരോ അവർക്ക് പരലോകത്തിൽ യാതൊരു ഓഹരിയുമില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരോട് അല്ലാഹു സംസാരിക്കുകയോ, അവരുടെ നേർക്ക്(കാരുണ്യപൂർവം) നോക്കുകയോ ചെയ്യുന്നതല്ല. അവൻ അവർക്ക് വിശുദ്ധി നൽകുന്നതുമല്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുന്നതുമാണ്" (ക്വുർആൻ 3:77).

അബൂഹുറയ്റ(റ)യിൽ നിന്നും നിവേദനം. അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു:

"മൂന്ന് കൂട്ടർ, അല്ലാഹു അവരോട് സംസാരിക്കുകയോ അന്ത്യനാളിൽ അവരിലേക്ക് നോക്കുകയോ അവരെ സംസ്കരിക്കുകയോ ഇല്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുന്നതുമാണ്. തന്റെ അടുക്കൽ ഉപയോഗിച്ച് ബാക്കിയായ വെള്ളം വഴിയാത്രക്കാരന് തടഞ്ഞ വ്യക്തി. അസ്ർ നമസ്കാരാനന്തരം കള്ളസത്യം ചെയ്തുകൊണ്ട് ചരക്ക് വിറ്റഴിച്ച വ്യക്തി, ഭരണാധികാരിക്ക് അനുസരണപ്രതിജ്ഞ ചെയ്ത്, തനിക്ക്(ഭൗതികമായി) നൽകിയാൽ പ്രതിജ്ഞപൂർത്തീകരിക്കുകയും നൽകിയില്ലെങ്കിൽ പ്രതിജ്ഞ പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തി" (മുസ്നദുഅഹ്മദ്. അർനാഊത് സ്വഹീഹെന്ന് വിശേഷിപ്പിച്ചു).



അബ്ദുല്ലാഹ് ഇബ്നു ഉമറി(റ)ൽനിന്നും നിവേദനം. തിരുദൂതർ(ﷺ) പറഞ്ഞു: "അല്ലാഹു മുൻഗാമികളെയും പിൻഗാമികളെയും അന്ത്യനാളിൽ ഒരുമിച്ചുകൂട്ടിയാൽ എല്ലാ ചതിയന്മാർക്കും ഓരോ പതാക ഉയർത്തുന്നതാണ്. അപ്പോൾ പറയപ്പെടും: ഇത് ഇന്നയാളുടെ മകനായ ഇന്നയാളുടെ വാഗ്ദാന ലംഘനമാണ്" (മുസ്ലിം).

അബൂസഈദ് അൽഖുദ്രി(റ)യിൽ നിന്നും നിവേദനം. തിരുദൂതർ പറഞ്ഞു: "നിശ്ചയം അന്ത്യനാളിൽ എല്ലാ ചതിയന്മാർക്കും അവന്റെ പൃഷ്ഠത്തിനടുത്ത് ഒരു പതാകയുണ്ടായിരിക്കും"(മുസ്ലിം).

മറ്റൊരുനിവേദനത്തിൽ ഇപ്രകാരമാണുള്ളത്: "എല്ലാ വാഗ്ദാന ലംഘകർക്കും അന്ത്യനാളിൽ ഓരോ പതാകയുണ്ടായിരിക്കും. അവന്റെ ലംഘനത്തിനനുസരിച്ച് അത് അവനുവേണ്ടി ഉയർത്തപ്പെടുന്നതാണ്. പൊതുജനങ്ങളുടെ നായകൻ (വാഗ്ദാന ലംഘനം നടത്തുന്നുവെങ്കിൽ) അയാളെക്കാൾ വലിയ വാഗ്ദാന ലംഘകനായി യാതൊരാളുമില്ല" (മുസ്ലിം).

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# ബാബരി ധ്വംസനം: ജുഡീഷ്യറിയുടെ 'ദുർവിധി?'

**ബാബരി മസ്ജിദ് തകർത്തതിന്റെ ബുദ്ധികേന്ദ്രം ഏതെന്നും അതിനു വേണ്ടി കർസേവകരെ ആവേശഭരിതരാക്കിയത് ആരെന്നും പൗർണമി രാവിലെ ചന്ദ്രനെ പോലെ ലോകം മനസ്സിലാക്കിയിട്ടുണ്ട്. കോടതികൾ സാങ്കേതികമായി കുറ്റവിമുക്തരാക്കിയാലും സത്യത്തിന്റെ കണ്ണിൽ അവർ എന്നും കുറ്റവാളികൾ തന്നെയാണ്. സംഭവസ്ഥലത്തുണ്ടായിരുന്ന മാധ്യമ പ്രവർത്തകരും ഉദ്യോഗസ്ഥരിൽ ചിലരും അന്വേഷിച്ച ലിബർഹാൻ കമ്മീഷനും കുറ്റവാളികളുടെ പേരുകൾ ഒരുപോലെ പുറത്തുവിട്ടിട്ടും അവരെങ്ങനെ കുറ്റവിമുക്തരായി എന്ന ചോദ്യത്തിന് മുമ്പിൽ ഇന്ത്യക്ക് തല നിവർത്താനാവുമോ?**

ഒടുവിൽ മല എലിയെ പ്രസവിച്ചു. 28 വർഷത്തെ നിയമയുദ്ധങ്ങളും അതിനുവേണ്ടി ചെലവഴിച്ച അധ്വാനവും പണവും വൃഥാവിൽ! 422 വർഷം ഒരു വിഭാഗം ഉപയോഗിച്ചു വന്നിരുന്ന ആരാധനാലയം ഏതാനും നിമിഷങ്ങൾകൊണ്ട് തച്ചുതകർത്ത കാപാലികരെ വെറുതെ വിട്ടിരിക്കുന്നു! മതേതരത്വത്തിനും ജനാധിപത്യത്തിനും ലോകത്തിന് മാതൃകയായ ഇന്ത്യക്ക് 1992 ഡിസംബർ 6നു ശേഷം ലോകജനതക്ക് മുമ്പിൽ വീണ്ടും തല താഴ്ത്തി മുഖം മണ്ണിലൊളിപ്പിക്കേണ്ട സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നും എത്ര വൈകിയാലും നീതി നടപ്പാകുമെന്നുമെല്ലാം പ്രതീക്ഷിച്ചുകൊണ്ട് കാത്തിരുന്ന രാജ്യത്തെ മതേതരമക്കൾ പ്രത്യേക സിബിഐ കോടതിയുടെ വിധിയിലൂടെ നിരാശരായിരിക്കുന്നു. ഒരു മതവിഭാഗത്തിന്റെ പരാജയമല്ലയിത്; ഓരോ ഇന്ത്യക്കാരന്റെയും

പരാജയമാണ്. നിയമങ്ങളോ നിയമപാലനമോ നീതിന്യായവ്യവസ്ഥയോ ഒന്നുമില്ലാത്ത, അരാജകത്വം അടക്കിവാഴുന്ന വെള്ളരിക്കാപ്പട്ടണമായി നമ്മുടെ രാജ്യം മാറുകയാണോ? ലക്ഷക്കണക്കിനാളുകളും അവരുടെ നേതാക്കളും ഒരുസ്ഥലത്ത് തടിച്ചുകൂടി ഒരു ആരാധനാലയം തകർത്തിട്ട് ഒരു കുറ്റവാളിയെപ്പോലും കണ്ടുപിടിക്കാൻ സാധിക്കാതെ മുഴുവൻ പ്രതികളെയും വെറുതെവിട്ടുകൊണ്ടുള്ള വിധി ഭാവി ഇന്ത്യയുടെ ദുർവിധിയെയാണോ സൂചിപ്പിക്കുന്നത്?!

ബാബരി മസ്ജിദ് തകർക്കപ്പെട്ടത് ഇരുട്ടിന്റെ മറവിലോ ആളുകൾ ഉറങ്ങിക്കിടക്കുന്ന സന്ദർഭത്തിലോ ആയിരുന്നില്ല. പട്ടാപ്പകൽ ബിജെപി, ആർഎസ്എസ്, വിഎച്ച്പി നേതാക്കളുടെ സാന്നിധ്യത്തിൽ ലക്ഷക്കണക്കിന് 'കർസേവകർ' ഒരുമിച്ചുകൂടിക്കൊണ്ടാണ് മസ്ജിദ് തകർത്തത്. ആരെല്ലാമാണ് മസ്ജിദ് തകർത്തതെന്നും ഏതൊക്കെ നേതാക്കളായിരുന്നു മുന്നിൽ നിന്നിരുന്നതെന്നുമെല്ലാം പകൽവെളിച്ചം പോലെ വ്യക്തമാണ്. മുഴുവൻ ലോകവും കണ്ണടച്ചാലും മുഴുവൻ കോടതികൾ വെറുതെ വിട്ടാലും പ്രതികൾ എക്കാലവും പ്രതികളാണ്. സാങ്കേതികമായി കുറ്റവാളിപ്പട്ടികയിൽനിന്നും രക്ഷപ്പെട്ടേക്കാം. പക്ഷേ, നീതിയുടെയും ധാർമികതയുടെയും സത്യസന്ധതയുടെയും മുമ്പിൽ കുറ്റവാളികൾ കുറ്റവാളികൾ തന്നെയാണ്. ലോകം അവരെ എന്നെന്നും അങ്ങനെത്തന്നെ വിലയിരുത്തും.

### സുപ്രീംകോടതിയുടെ പരാമർശം

രാജ്യത്തിന്റെ പരമോന്നത നീതിപീഠം കഴിഞ്ഞ നവംബറിൽ ബാബരി മസ്ജിദ് നിലനിന്നിരുന്ന സ്ഥലം ഒരു ഒത്തുതീർപ്പ് ഫോർമുലപോലെ രാമക്ഷേത്രം നിർമിക്കാൻ വിട്ടുകൊടുത്തപ്പോൾ പ്രസ്തുത വിധിന്യായത്തിൽ മസ്ജിദ് ധ്വംസനത്തെ ഹീനമായ കുറ്റകൃത്യം എന്നാണ് വിശേഷിപ്പിച്ചിരുന്നത് എന്ന കാര്യം മറക്കാറായിട്ടില്ല. മുസ്‌ലിംകൾ വളരെക്കാലം ആരാധന നടത്തിയ പള്ളിയാണ് ബാബരി മസ്ജിദെന്നും മുസ്‌ലിംകൾ പള്ളി ഉപേക്ഷിക്കുകയായിരുന്നുവെന്ന വാദം ചരിത്രപരമായി തെളിയിക്കാൻ സാധിക്കില്ലെന്നും അതുകൊണ്ടുതന്നെ പള്ളി പൊളിച്ചത് ഗുരുതരമായ കുറ്റകൃത്യമാണെന്നും വിധിന്യായത്തിൽ വ്യക്തമാക്കിയതാണ്. 1949 ഡിസംബർ 22/23 വരെ മുസ്‌ലിംകൾ അവിടെ ആരാധന നടത്തിയിട്ടുണ്ടെന്നും കോടതി നിരീക്ഷിച്ചാണ്. പ്രസ്തുത ദിവസങ്ങളിൽ പുറത്തെ മുറ്റത്ത് താമസിക്കുകയും ആരാധനകൾ നിർവഹിക്കുകയും ചെയ്തിരുന്ന സന്യാസിമാർ അകത്തെ മുറ്റത്തേക്ക് നമസ്കരിക്കാൻ വന്ന മുസ്‌ലിംകളെ തടസ്സപ്പെടുത്തിയിരുന്നതായി 1949ലെ വഖഫ് ഇൻസ്പെക്ടർ രേഖപ്പെടുത്തിയ കാര്യം കോടതി പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. മാത്രവുമല്ല, ആ ദിവസങ്ങളിൽ പള്ളിയുടെ നടുവിലെ താഴികക്കുടത്തിനു താഴെ 50-60 ആളുകൾ വിഗ്രഹങ്ങൾ സ്ഥാപിച്ചതും സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

ഇത്രയുമെല്ലാം സ്ഥാപിച്ച സുപ്രീം കോടതി ബാബരി മസ്ജിദ് തകർത്തതിനെ കുറിച്ച് വിധിന്യായത്തിൽ എഴുതിവച്ചത് 'egregious violation of the rule of law' (നിയമവാഴ്ചയുടെ വളരെ മോശമായ ലംഘനം) എന്നാണ്. ഇങ്ങനെയൊക്കെ പരമോന്നത കോടതി നിരീക്ഷിച്ചിട്ടും 'കുറ്റവാളികളെ' വെറുതെവിട്ട സിബിഐ കോടതിയുടെ നടപടി ഭാവിയിൽ ധാരാളം മുസ്‌ലിം ആരാധനാലയങ്ങൾ തകർക്കുന്നതിനുള്ള അനുമതിപത്രമാകുമോ എന്ന ആശങ്ക രാജ്യത്തെ മതേതര വിശ്വാസികൾക്കുണ്ട്.

### ലോകം നേരിട്ടുകണ്ട കുറ്റകൃത്യം

1992 ഡിസംബർ ആറിന് അയോധ്യയിൽ നടന്ന സംഭവങ്ങൾ എന്തായിരുന്നുവെന്ന് ലോകം നേരിട്ടു കണ്ടതാണ്. ബിബിസി അടക്കമുള്ള ചാനലുകൾ തത്സമയം സംപ്രേക്ഷണം ചെയ്ത കുറ്റകൃത്യത്തിൽ കുറ്റവാളികൾ ആരെന്ന് എല്ലാവർക്കുമറിയാം. അത് കോടതിക്കും അറിയാത്തതല്ല. രാജ്യം തകർന്നാലും രാജ്യത്തെ മതസൗഹാർദം നശിച്ചാലും വേണ്ടില്ല, എന്തു

> **രാജ്യത്തിന്റെ പരമോന്നത നീതിപീഠം കഴിഞ്ഞ നവംബറിൽ ബാബരി മസ്ജിദ് നിലനിന്നിരുന്ന സ്ഥലം ഒരു ഒത്തുതീർപ്പ് ഫോർമുലപോലെ രാമക്ഷേത്രം നിർമിക്കാൻ വിട്ടുകൊടുത്തപ്പോൾ പ്രസ്തുത വിധിന്യായത്തിൽ മസ്ജിദ് ധ്വംസനത്തെ ഹീനമായ കുറ്റകൃത്യം എന്നാണ് വിശേഷിപ്പിച്ചത് എന്ന കാര്യം മറക്കാറായിട്ടില്ല. മുസ്‌ലിംകൾ വളരെക്കാലം ആരാധന നടത്തിയ പള്ളിയാണ് ബാബരി മസ്ജിദെന്നും മുസ്‌ലിംകൾ പള്ളി ഉപേക്ഷിക്കുകയായിരുന്നുവെന്ന വാദം ചരിത്രപരമായി തെളിയിക്കാൻ സാധിക്കില്ലെന്നും അതുകൊണ്ടുതന്നെ പള്ളി പൊളിച്ചത് ഗുരുതരമായ കുറ്റകൃത്യമാണെന്നും വിധിന്യായത്തിൽ വ്യക്തമാക്കിയതാണ്.**

വിലകൊടുത്തും അധികാരം പിടിച്ചെടുക്കുന്നതിനു വേണ്ടി ആഴത്തിലുള്ള രാഷ്ട്രീയ ഗൂഢാലോചന നടന്നുവെന്നത് എല്ലാവർക്കും അറിയാം. അന്ന് ഉത്തർപ്രദേശ് ഭരിച്ചിരുന്ന ബിജെപി സർക്കാരും ഭരണഘടനാ മൂല്യങ്ങളെ തകർക്കുന്ന ഈ ഗൂഢാലോചനയിൽ പങ്കെടുത്തിരുന്നുവെന്നത് വളരെ വ്യക്തമാണ്. തെറ്റായ സത്യവാങ്മൂലം നൽകി സുപ്രീം കോടതിയെ പലതവണ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചിട്ടു പോലും ബാബരി മസ്ജിദിന്റെ ധ്വംസനം നിയമവാഴ്ചയുടെ വളരെ മോശമായ ലംഘനമാണ് എന്ന് സുപ്രീംകോടതി ഒടുവിലത്തെ വിധിന്യായത്തിൽ പറഞ്ഞുവെങ്കിൽ കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുക എന്ന നീതിയാണ് പ്രത്യേക സിബിഐ കോടതി നടപ്പാക്കേണ്ടിയിരുന്നത്.

### ലോകമാധ്യമങ്ങൾ പുറത്തുവിട്ടത്

സംഭവം നേരിട്ട് റിപ്പോർട്ട് ചെയ്ത ബിബിസിയുടെ സൗത്ത് ഏഷ്യ കറസ്പോണ്ടന്റ് മാർക്ക് ടുള്ളി രേഖപ്പെടുത്തിയത് ഇങ്ങനെയാണ്: '1992 ഡിസംബർ 6നു ഞാൻ അയോധ്യയിലെ ഒരു കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിൽക്കുകയായിരുന്നു. അവിടെനിന്നും നോക്കിയാൽ ബാബരി മസ്ജിദ് വളരെ വ്യക്തമായി കാണാമായിരുന്നു. ഭാരതീയ ജനതാ പാർട്ടിയും സഹസംഘടനകളും അന്നായിരുന്നു രാമക്ഷേത്ര നിർമാണം തുടങ്ങാൻ നിശ്ചയിച്ചിരുന്ന ദിവസം. അതൊരു പ്രതീകാത്മക കർമം മാത്രമായിരുക്കുമെന്നായിരുന്നു അവർ കോടതികൾക്കും മറ്റു വകുപ്പുകൾക്കും നൽകിയിരുന്ന ഉറപ്പ്. ഒരു മതപരമായ കർമം മാത്രമായിരിക്കുമെന്നും ഒരിക്കലും ബാബരി മസ്ജിദ് കെട്ടിടത്തിന് കേടുപാടുകൾ ഏൽപ്പിക്കില്ലെന്നും അവർ നൽകിയ ഉറപ്പിലുണ്ടായിരുന്നു. ഒന്നര ലക്ഷത്തിലധികം, എല്ലാനിലയ്ക്കും സജ്ജരായ ജനക്കൂട്ടം അവിടെ ഉണ്ടായിരുന്നു. അവർ എൽ. കെ അദ്വാനി, മുരളി മനോഹർ ജോഷി തുടങ്ങിയ ബിജെപിയുടെയും വിഎച്ച്പിയുടെയും നേതാക്കളുടെ പ്രസംഗങ്ങൾ ശ്രവിക്കുന്നുണ്ടായിരുന്നു. തലയിൽ 'സാഫ്രൺ' കെട്ടുകൾ ധരിച്ച കുറേപേർ ഇരച്ചുകയറിയപ്പോഴാണ് കുഴപ്പങ്ങൾ ആരംഭിച്ചത്. പോലീസുകാർ അവിടെ ഉണ്ടായിരുന്നുവെങ്കിലും സംഘാടകർ നിശ്ചയിച്ചിരുന്ന വളണ്ടിയർമാരായിരുന്നു കാര്യങ്ങൾ നോക്കിയിരുന്നത്. ഈ വളണ്ടിയർമാർ പിന്നീട് ഇരച്ചുകയറി വന്നവർക്കൊപ്പം കൂടി മാധ്യമപ്രവർത്തകരെയും ഫോട്ടോഗ്രാഫർമാരെയും മൃഗീയമായി അക്രമിച്ചു. ക്യാമറകൾ തല്ലിത്തകർക്കാനും ടേപ്പ് റിക്കോർഡറുകൾ ചവിട്ടിമെതിക്കാനും തുടങ്ങി. അവർ ആവേശത്തോടെ മുമ്പോട്ടു നീങ്ങിയപ്പോൾ പോലീസ് പ്രതിരോധനിര തകർന്നു. അങ്ങനെ അവർ പള്ളിക്കകത്ത് പ്രവേശിച്ചു തുടങ്ങി. പോലീസ് പിൻവാങ്ങി. ബാരിക്കേഡുകൾ നശിച്ചു പോവാതിരിക്കാൻ അവരത് നീക്കിക്കൊടുത്തു. കർസേവകർ ഉള്ളിൽ പ്രവേശിച്ചു. താഴികക്കുടങ്ങളിലേക്ക് പറ്റിപ്പിടിച്ചുകയറി അത് തകർക്കാൻ തുടങ്ങി. അയോധ്യയിലെ ടെലിഫോൺ ലൈനുകൾ വിഛേദിച്ചിരുന്നു. ലഭിച്ച വാർത്തകളും ചിത്രങ്ങളും എത്തിച്ചുകൊടുക്കാൻ ഞങ്ങൾക്ക് ഫൈസാബാദിലേക്ക് പോകേണ്ടിവന്നു. തിരിച്ചുവന്നപ്പോൾ കണ്ട കാഴ്ച ദയനീയമായിരുന്നു. മസ്ജിദ് പൂർണമായും തകർക്കപ്പെട്ട് ഒരു മൺകൂമ്പാരമായിരിക്കുന്നു' (http://news.bbc.co.uk/2/hi/south_asia/2528025.stm).

അദ്വാനിയും ജോഷിയുമടക്കമുള്ള ബിജെപി, വിഎച്ച്പി നേതാക്കളുടെ പ്രസംഗങ്ങളിൽനിന്നും ആവേശം ഉൾക്കൊണ്ടവരാണ് അക്രമം ചെയ്തതെന്ന് ഇതിൽനിന്നും വ്യക്തമാണ്. സ്വന്തം കൈകൾ കൊണ്ട് മാത്രം അത്രയും വലിയ ഒരു പള്ളി പൊളിക്കാൻ സാധ്യമായിരുന്നില്ല. അതിനവർ ഉപയോഗിച്ചത് പിക്കാസും വലിയ ചുറ്റികയും ഉളിയും കമ്പിയും എല്ലാമായിരുന്നു. പിക്കാസുകളും കൈക്കോട്ടുകളും മറ്റു ആയുധങ്ങളും ഉപകരണങ്ങളും ഒരു മുൻ ആലോചനയുമില്ലാതെ അങ്ങോട്ടെത്തുകയില്ല എന്ന കാര്യം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. നേരത്തെ ആലോചിച്ചുറപ്പിച്ച് പോലീസുമായി ധാരണയുണ്ടാക്കി നടപ്പാക്കിയ നാടകമായിരുന്നു അതെന്ന് എല്ലാവർക്കും ബോധ്യമായിരുന്നു.

### വിവിധ മാധ്യമപ്രവർത്തകരുടെ വിവരണം

ബാബരി മസ്ജിദ് തകർക്കുന്നതിന് മുമ്പായി കർസേവകർ നടത്തിയ ആക്രമണത്തിൽ ഒരുപാട് മാധ്യമപ്രവർത്തകർക്ക് പരിക്കേൽക്കുകയും അവരുടെ ഉപകരണങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ അവിടെ സന്നിഹിതരായിരുന്ന മുതിർന്ന മാധ്യമപ്രവർത്തകർ എൽ.കെ അദ്വാനിയോടും മറ്റു ബിജെപി നേതാക്കളോടും സഹായമഭ്യർഥിച്ചിരുന്നു. എന്നാൽ അവർ അത് ഒട്ടും ചെവിക്കൊണ്ടില്ല. ടുള്ളിയുടെ വിവരണം ശ്രദ്ധിക്കുക: 'ധാരാളം കർസേവകർ ഇരച്ചുകയറി മാധ്യമപ്രവർത്തകരെ അക്രമിച്ചു. അവരുടെ ക്യാമറകൾ തകർത്തു. പെട്ടെന്ന് ഒരു വലിയ ജനക്കൂട്ടം പള്ളിയുടെ ഭാഗത്തേക്ക് മാർച്ച് ചെയ്യുന്നത് കണ്ടു. പോലീസ് അവരെ പ്രതിരോ

ധിക്കുന്നുണ്ടായിരുന്നില്ല. പോലീസ് സംഭവസ്ഥല ത്തു നിന്നും മെല്ലെ ഒഴിയുന്നതാണ് കണ്ടത്. അയോധ്യയിലേക്കെത്തുന്ന പ്രധാന കവാടകങ്ങളെല്ലാം കത്തിക്കപ്പെട്ട വാഹനങ്ങളാൽ അടഞ്ഞുകിടന്നു. ഞാൻ പള്ളിയിലേക്ക് പ്രവേശിച്ചപ്പോൾ കർസേവകർ എന്നെ വളഞ്ഞു. ചിലർ എന്നെ അടിക്കാൻ വന്നു. എന്നെയും കൂടെയുണ്ടായിരുന്ന ഇന്ത്യൻ മാധ്യമപ്രവർത്തകരെയും അവർ 'ധർമശാല'യിൽ അടച്ചുപൂട്ടി. കുറച്ചപ്പുറത്തെ ക്ഷേത്രത്തിലെ ഒരു പൂജാരിയാണ് പിന്നീട് ഞങ്ങളെ തുറന്നു വിട്ടത്. അന്ന് ഇന്ത്യയിൽ ഒരു സർക്കാർ പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല എന്ന തോന്നലാണ് എനിക്കുണ്ടായത്.'

സംഭവം നേരിട്ട് റിപ്പോർട്ട് ചെയ്തിരുന്ന ഇന്ത്യൻ എക്സ്പ്രസ്സിന്റെ ഡെപ്യൂട്ടി എഡിറ്റർ സീമ ചിശ്തി പറയുന്നു: 'പ്രധാനമായും അക്രമികൾ നോട്ടമിട്ടിരുന്നത് മാധ്യമപ്രവർത്തകരെയായിരുന്നു. സംഭവം ലോകം അറിയരുത് എന്നായിരുന്നു അവർ ഉദ്ദേശിച്ചിരുന്നത്. ഇന്നത്തെ കാലത്ത് (2017ൽ നൽകിയ വിവരണം) മാധ്യമങ്ങളെ തടയുക അവർക്ക് എളുപ്പമാണ്. കാരണം രാജ്യം അവരുടെ കൈകളിലാണ്. എന്നാൽ അന്ന് അത്ര എളുപ്പമായിരുന്നില്ല. അന്നവിടെ തർക്കഭൂമിയിൽ ക്ഷേത്രനിർമാണം ആരംഭിക്കുമോ എന്നായിരുന്നു ഞങ്ങളുടെ ആശങ്ക. പള്ളി തകർക്കുന്ന കാര്യം ഞങ്ങൾ തീരെ പ്രതീക്ഷിച്ചതല്ല. സംഭവം കണ്ടപ്പോൾ ഞങ്ങൾ തീർത്തും തകർന്നുപോയി.'

### പള്ളി തകർക്കാൻ റിഹേഴ്സൽ

ബിബിസിയുടെ ഫോട്ടോ ജേർണലിസ്റ്റ് പ്രവീൺ ജെയ്ൻ നൽകുന്നത് വളരെയധികം ഞെട്ടിക്കുന്ന വിവരണമാണ്: 'തലേന്ന് രാത്രി കർസേവയുടെ ഡ്രസ്സ് റിഹേഴ്സൽ നടക്കുന്ന സ്ഥലത്തേക്ക് എനിക്ക് പ്രവേശനാനുമതി കിട്ടി. വിശ്വഹിന്ദുപരിഷത്ത് നേതാവ് ബി.എൽ ശർമ പ്രേം ആണ് എനിക്ക് പാസ് നൽകിയത്. വിഎച്ച്പിയുടെ ഐഡന്റിറ്റി കാർഡ് ആയിരുന്നു എനിക്ക് ലഭിച്ചിരുന്നത്. വിവിധതരം മെഷിനുകൾ, ആയുധങ്ങൾ എന്നിവ റിഹേഴ്സലിൽ ഞാൻ കണ്ടു. ഒരു താഴികക്കുടം (dome) പോലെയുള്ള രൂപവും കണ്ടു. കയറുകൾ ഉപയോഗിച്ച് എങ്ങനെ താഴികക്കുടത്തിന്റെ മുകളിലേക്ക് കയറാം എന്ന് അവരെ പരിശീലിപ്പിക്കുന്നുണ്ടായിരുന്നു. പള്ളി തകർക്കാൻ ഈ രീതിയാണ് ഞങ്ങൾ ഉപയോഗിക്കുക എന്ന് പിന്നീട് പ്രേം എന്നോട് പറയുകയുണ്ടായി. ഈ കാര്യം പിന്നീട് ഞാൻ മറ്റു മാധ്യമപ്രവർത്തകരോട് പങ്കുവച്ചപ്പോൾ ഒരാൾ പോലും എന്നെ വിശ്വസിച്ചില്ല.'

'മസ്ജിദ് തകർത്തു തുടങ്ങിയപ്പോൾ ഹിന്ദുത്വ തീവ്രവാദികൾ കാര്യമായും അക്രമം അഴിച്ചുവിട്ടത് ഫോട്ടോ ജേർണലിസ്റ്റുകൾക്ക് നേരെയായിരുന്നു. കെട്ടിടങ്ങൾക്ക് മുകളിലായിരുന്ന ഞങ്ങളുടെ ക്യാമറകളെല്ലാം അവർ വലിച്ചു താഴേക്കെറിഞ്ഞു. നിവൃത്തിയില്ലാതെ വന്നപ്പോൾ ഞാൻ എൽ.കെ അദ്വാനിയെ സമീപിച്ചു. പക്ഷേ, അയാൾ സഹായം നിരസിച്ചു. അപ്പോൾ അവരെല്ലാവരും മസ്ജിദ് തകർക്കൽ കണ്ടു നിൽക്കുകയായിരുന്നു'-ജെയ്ൻ വിവരിച്ചു.

### വനിതാ ജേർണലിസ്റ്റിന്റെ അനുഭവം

ഫ്രീലാൻസ് ജേർണലിസ്റ്റ് റുച്ചിര ഗുപ്തയും സംഭവസ്ഥലത്തുണ്ടായിരുന്നു. സംഭവസ്ഥലത്ത് അവർക്ക് ലൈംഗികാതിക്രമം പോലും നേരിടേണ്ടി വന്നുവെന്നാണ് അവർ പറയുന്നത്: 'അക്രമാത്മക പ്രകടമാക്കുന്ന വിഷലിപ്തമായ മുദ്രാവാക്യങ്ങളായിരുന്നു അവിടെ മുഴുവൻ കേട്ടത്. സാധ്വി ഋതംബരയും ഉമാഭാരതിയും പുരുഷ മുദ്രാവാക്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ടായിരുന്നു. ഞാൻ പള്ളിയിലേക്ക് പ്രവേശിച്ചു. ഹിന്ദുത്വ ആക്റ്റിവിസ്റ്റുകളാൽ പള്ളി വലയം ചെയ്യപ്പെട്ടിരുന്നു. ഞാനവരെ മറികടന്നു പോകാൻ ശ്രമിച്ചപ്പോഴേക്കും ഒരാൾ 'മുസൽമാൻ' എന്നാക്രോശിച്ച് എന്റെ നേർക്കുവന്നു. തൊട്ടുപിന്നാലെ എന്റെ കഴുത്ത് ഞെ



> **ബാബരി മസ്ജിദ് തകർക്കപ്പെട്ടത് ഇരുട്ടിന്റെ മറവിലോ ആളുകൾ ഉറങ്ങിക്കിടക്കുന്ന സന്ദർഭത്തിലോ അല്ല. പട്ടാപ്പകൽ ബിജെപി, ആർഎസ്എസ്, വിഎച്ച്പി നേതാക്കളുടെ സാന്നിധ്യത്തിൽ ലക്ഷക്കണക്കിന് 'കർസേവകർ' ഒരുമിച്ചുകൂടിക്കൊണ്ടാണ് മസ്ജിദ് തകർത്തത്. ആരെല്ലാമാണ് മസ്ജിദ് തകർത്തതെന്നും ഏതൊക്കെ നേതാക്കളായിരുന്നു മുന്നിൽ നിന്നിരുന്നതെന്നുമെല്ലാം പകൽവെളിച്ചം പോലെ വ്യക്തമാണ്. മുഴുവൻ ലോകവും കണ്ണടച്ചാലും മുഴുവൻ കോടതികൾ വെറുതെ വിട്ടാലും പ്രതികൾ എക്കാലവും പ്രതികളാണ്.**

രിച്ചു കൊല്ലാൻ ചില കൈകൾ എത്തിത്തുടങ്ങി. മരണത്തിൽനിന്നും നിമിഷങ്ങൾ അകലെയാണോ എന്നു ഞാൻ ചിന്തിച്ചു. എന്നെ ശാരീരികമായും ലൈംഗികമായും ആക്രമിക്കാൻ തുടങ്ങി. 'ഞാനൊരു ഹിന്ദുവാണ്' എന്നു പറഞ്ഞിട്ടുപോലും രക്ഷയുണ്ടായിരുന്നില്ല.'

'ഒരാൾ എന്നെ രക്ഷിച്ചു അദ്വാനിയുടെ അടുത്ത് കൊണ്ടുപോയി. അവിടെ എത്തുമ്പോൾ അദ്വാനി ബൈനോക്കുലറിലൂടെ സംഭവങ്ങൾ നോക്കിക്കാണുകയായിരുന്നു. മാധ്യമപ്രവർത്തകർക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കാൻ അദ്വാനിയോട് ഞാൻ അഭ്യർഥിച്ചപ്പോൾ വളരെ ആശ്ചര്യകരമായ മറുപടിയാണ് ലഭിച്ചത്. 'നിങ്ങൾക്ക് എന്താണ് സംഭവിച്ചതെന്ന് മറന്നേക്കൂ. ഇത് ചരിത്രപരമായ ദിവസമാണെന്ന് മനസ്സിലാക്കുക. മധുരമുള്ള എന്തെങ്കിലും കഴിക്കുക' എന്നായിരുന്നു അദ്വാനി പറഞ്ഞത്. അവിടെയുണ്ടായിരുന്ന സുരക്ഷാ ഉദ്യോഗസ്ഥർ പോലും എനിക്ക് മധുരം നീട്ടുകയായിരുന്നു. അദ്വാനി ബൈനോക്കുലർ എനിക്കുനേരെ നീട്ടിക്കൊണ്ട് 'നഷ്ടപരിഹാരത്തിനായി മുസ്‌ലിംകൾ സ്വന്തം വീടുകൾ കത്തിക്കുന്നത് കാണുക' എന്നു പറഞ്ഞപ്പോൾ ഞാൻ എനിക്കൊന്നും കാണേണ്ടതില്ല എന്നുപറഞ്ഞു. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് മസ്ജിദ് തകർക്കലിൽ ബിജെപി നേതാക്കളുടെ നേരിട്ടുള്ള പങ്കിനെയാണ്'- റുച്ചിറ ഗുപ്ത പറഞ്ഞു.

ദൂരദർശനു വേണ്ടി പ്രവർത്തിച്ചിരുന്ന സഈദ് നഖ്‌വി പറയുന്നത് രാമക്ഷേത്ര നിർമാണത്തെ കുറിച്ചോ രാമനെ കുറിച്ചോ ഒന്നുമായിരുന്നില്ല കർസേവകരുടെ മുദ്രാവാക്യം എന്നാണ്. കാര്യമായും പാകിസ്ഥാനെതിരെ ആയിരുന്നു. 'ഈ പതാക പാകിസ്ഥാനിലുയർത്തും. പാകിസ്ഥാനിൽ ബോംബ് വീഴ്ത്തും. ഞങ്ങൾ റാവൽപിണ്ടിയും ലാഹോറും കീഴടക്കും' തുടങ്ങിയ മുദ്രാവാക്യങ്ങളായിരുന്നു. ഹിന്ദു താൽപര്യങ്ങളോ രാമഭക്തിയോ ഒന്നുമായിരുന്നില്ല അവിടെ കണ്ടത് എന്നാണ് അദ്ദേഹം വിശദീകരിച്ചത്.

1992 ഡിസംബർ 6നു അയോധ്യയിൽ ഉണ്ടായിരുന്ന മാധ്യമപ്രവർത്തകരുടെ ദൃക്സാക്ഷി വിവരങ്ങളാണ് മുകളിൽ കണ്ടത്. അവർ അന്നെടുത്ത ചിത്രങ്ങളും വീഡിയോകളും റിപ്പോർട്ടുകളും പിന്നീടുള്ള കാലങ്ങളിൽ ജീവിക്കുന്ന തെളിവുകളായി അവശേഷിച്ചു. കേസ് അന്വേഷിച്ചിരുന്ന ലിബർഹാൻ കമ്മീഷനും മറ്റു ഏജൻസികൾക്കും ഈ തെളിവുകൾ ധാരാളമായിരുന്നു. (https://thewire.in/communalism/babrimasjiddemolitionhappenedreporters-lookback).

### ലിബർഹാൻ കമ്മീഷൻ റിപ്പോർട്ട്

ബാബരി മസ്ജിദ് ധ്വംസനത്തെ കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി 1992 ഡിസംബർ 16നു രൂപവത്കരിക്കപ്പെട്ട കമ്മീഷനാണ് ജസ്റ്റിസ് എം.എൽ ലിബർഹാൻ കമ്മീഷൻ. 2009 ജൂൺ 30നാണു കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. 17 വർഷമെടുത്ത് ആറര കോടി രൂപ ചെലവഴിച്ച് പ്രവർത്തിച്ച കമ്മീഷന്റെ റിപ്പോർട്ടിൽ എൽ.കെ അദ്വാനി അടക്കമുള്ള ബിജെപി നേതാക്കൾക്കും സംഘപരിവാർ നേതാക്കൾക്കും പങ്കുണ്ടെന്ന കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. ബാബരി മസ്ജിദ് തകർത്തതിൽ 68 നേതാക്കൾക്ക് പങ്കുണ്ടെന്നാ ണ് കമ്മീഷൻ വ്യക്തമാക്കിയത്. എൽ.കെ അദ്വാനിക്ക് പുറമെ, എ.ബി വാജ്പേയ്, മുരളി മനോഹർ ജോഷി, വിജയ രാജെ സിന്ധ്യ, കല്യാൺ സിംഗ് (യു.പി മുഖ്യമന്ത്രി), സാക്ഷി മഹാരാജ് തുടങ്ങിയ ബിജെപി നേതാക്കളും വിഎച്ച്പി നേതാക്കളായ അശോക് സിംഗാൾ, ഉമാ ഭാരതി, പ്രവീൺ തൊഗാഡിയ, ശിവസേന നേതാവ് ബാൽതാക്കറെ, ആർഎസ്എസ് നേതാക്കളായ വിനയ് കത്യാർ, കെ.എസ് സുദർശൻ, മഹന്ത് അവൈദ്യനാഥ് (ഹിന്ദുമഹാസഭ), ആചാര്യ ധർമേന്ദ്ര ദേവ് (ധരം സൻസദ്), മഹന്ത് നൃത്യ ഗോപാൽ ദാസ് (രാമജന്മഭൂമി ന്യാസ്) എന്നീ പ്രമുഖരെല്ലാം ലിസ്റ്റിലുണ്ട്. അവർക്കു പുറമെ ഫൈസാബാദ് ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്, ഡിഐജി, എഎസ്പി, യു.പി പ്രിൻസിപ്പൽ ഹോം സെ

ക്രട്ടറി, പോലീസ് കമ്മീഷണർ, ഡിജിപി, ചീഫ് സെക്രട്ടറി, ഉത്തർപ്രദേശിലെ ചില മന്ത്രിമാർ തുടങ്ങി കല്യാൺസിംഗ് നിശ്ചയിച്ച ബ്യുറോക്രാറ്റുകൾക്കും ഗൂഢാലോചനയിൽ പങ്കുണ്ടെന്ന് റിപ്പോർട്ട് വ്യക്തമാക്കിയിട്ടുണ്ട്. (https://www.mha.gov.in/sites/default/files/LAC-Chap-XIV-B.pdf - page 958)

റിപ്പോർട്ടിൽ മുഖ്യമന്ത്രി കല്യാൺസിംഗിന്റെ പങ്കിനെ അതിരൂക്ഷമായി വിമർശിക്കുന്നുണ്ട്. സംഭവം നടക്കുന്ന സമയത്ത് നടപടി സ്വീകരിക്കാതിരിക്കുകയും നിശ്ശബ്ദരായിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെയും പോലീസ് ഉദ്യോഗസ്ഥരെയും മുഖ്യമന്ത്രിയാണ് നിയമിച്ചത് എന്ന് റിപ്പോർട്ട് പറയുന്നു. അന്ന് എൽ.കെ അദ്വാനിയുടെ പേർസണൽ സെക്യൂരിറ്റി ഓഫിസറായിരുന്ന അഞ്ജു ഗുപ്ത ഐ.പി.എസ് പറഞ്ഞത് അദ്വാനിയുടെയും ജോഷിയുടെയും പ്രസംഗങ്ങളായിരുന്നു ജനക്കൂട്ടത്തിന്റെ വികാരങ്ങളിൽ ഇളക്കം സൃഷ്ടിച്ചത് എന്നാണ്. തികച്ചും പ്രകോപനപരമായ ആ പ്രസംഗങ്ങളാണ് ജനക്കൂട്ടത്തെ മസ്ജിദ് തകർക്കാൻ പ്രേരിപ്പിച്ചത് എന്നാണ് അവർ കമ്മീഷന്റെ മുമ്പിൽ പറഞ്ഞത്. മാത്രവുമല്ല പ്രസ്തുത പ്രസംഗങ്ങൾ നടക്കുന്ന സമയത്ത് രണ്ടു തവണ വിനയ് കത്യാർ അവരെ പ്രസംഗവേദിയിൽനിന്നും തന്ത്രപൂർവം മാറ്റി നിർത്താൻ ശ്രമിച്ചിട്ടുണ്ടായിരുന്നു. കർസേവകരോട് ശാന്തമായിരിക്കാൻ നേതാക്കൾ പറഞ്ഞിരുന്നത് മാധ്യമ ശ്രദ്ധ പിടിച്ചു പറ്റാൻ മാത്രമായിരുന്നു എന്നും പള്ളി തകർക്കരുത് എന്ന് ഒരിക്കൽ പോലും നേതാക്കൾ പറഞ്ഞിട്ടില്ല എന്നും ഇതെല്ലം വെച്ചുനോക്കുമ്പോൾ പള്ളി തകർന്നുപോകണമെന്ന ഗൂഢ ഉദ്ദേശ്യം നേതാക്കൾക്കുണ്ടായിരുന്നുവെന്നും നേതാക്കൾക്കുണ്ടായിരുന്നുവെന്നും ലിബർഹാൻ റിപ്പോർട്ട് വ്യക്തമാക്കുന്നു. (പേജ് 256).

റിപ്പോർട്ടിലെ ഒരു പരാമർശം ഇങ്ങനെയാണ്: 'അസാധാരണമായ രഹസ്യസ്വഭാവത്തോടെയാണ് ഇതിനുവേണ്ടിയുള്ള തയ്യാറെടുപ്പു നടത്തിയത്. കുറ്റമറ്റ സാങ്കേതികമികവും സ്ഥിരത നിലനിർത്തിക്കൊണ്ടും റിസൾട്ട് ഉറപ്പാക്കിക്കൊണ്ടുമുള്ള തയ്യാറെടുപ്പായിരുന്നു അത്. അധികാരത്തിലെത്തുക എന്നതായിരുന്നു ആശയം. ഈ ഗൂഢലക്ഷ്യം യുവാക്കളെ ആകർഷിക്കുകയും അതിനെ പിന്തുണക്കാൻ അവർ രംഗത്ത് വരികയും ചെയ്തു. ഈ ലക്ഷ്യത്തോടുള്ള അഭിനിവേശത്തെ എങ്ങനെ ജനിപ്പിക്കാമെന്നും എങ്ങനെ തടയണമെന്നും നേതാക്കൾക്ക് അറിയാമായിരുന്നു. രാഷ്ട്രത്തിന് എന്താണ് ഗുണകരം എന്നതിനെക്കാൾ അവർ ചിന്തിച്ചത് തങ്ങൾക്ക് എന്താണ് പ്രയോജനപ്രദം എന്നായിരുന്നു. ഇതായിരുന്നു അയോധ്യയിൽ സംഭവിച്ചത്.' (https://www. mha.gov.in/sites/default/files/LAC-Chap-VI.pdf - page 376 (61:30,31))

ലിബർഹാൻ റിപ്പോർട്ടിൽ ഇത്രയും ശക്തമായ തെളിവുകൾ ഉണ്ടായിട്ടും സിബിഐ കോടതി അത് കാണാതെ പോയത് അത്ഭുതകരമാണ്!

### മുൻ ഐബി ചീഫ് പറഞ്ഞത്

അക്കാലത്തെ ഇന്റലിജൻസ് ബ്യൂറോയുടെ (ഐബിയുടെ) മേധാവി മലോയ് കൃഷ്ണ ധർ 2005ൽ എഴുതിയ 'Open Secrets: India's Intelligence Unveiled' (തുറന്ന രഹസ്യങ്ങൾ: ഇന്ത്യയുടെ ഇന്റലിജൻസ് അനാവരണം ചെയ്യപ്പെടുന്നു) എന്ന പുസ്തകത്തിൽ ബാബരി മസ്ജിദിന്റെ തകർച്ചയിലേക്ക് നയിച്ച ഗൂഢാലോചനകൾ അദ്ദേഹം തുറന്നുപറയുന്നുണ്ട്. സംഭവത്തിന്റെ പത്തുമാസം മുമ്പുതന്നെ ആർഎസ്എസ്, ബിജെപി, വിഎച്ച്പി നേതാക്കൾ ഗൂഢാലോചന നടത്തിയിരുന്നുവെന്ന് അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ വാക്കുകളിലേക്ക്: 'ബിജെപിയിലെയും സംഘപരിവാറിന്റെ മറ്റു ഘടകങ്ങളിലെയും വ്യക്തികൾക്കുതമ്മിൽ കണ്ടുമുട്ടുന്നതിനാവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഒരുക്കാൻ എനിക്ക് നിർദേശമുണ്ടായിരുന്നു. ഒരു സംശയവും വേണ്ട, ആ കണ്ടുമുട്ടലിലായിരുന്നു വരുംമാസങ്ങളിൽ സംഘടിപ്പിക്കേണ്ട ഹിന്ദുത്വ അഴിഞ്ഞാട്ടങ്ങൾക്കും അയോധ്യയിലെ 92 ഡിസംബറിലെ തകർത്താടലിനുമുള്ള ബ്ലൂപ്രിന്റും കൊറിയോഗ്രാഫും തയ്യാറാക്കിയത്. ആർഎസ്എസ്, ബിജെപി, വിഎച്ച്പി, ബജ്റംഗ് ദൾ എന്നീ സംഘടനകൾ ഉചിതമായരീതിയിൽ, ആസൂത്രിതമായ ശൈലിയിൽ പ്രവർത്തിക്കാൻ തീരുമാനിച്ചു. ഈ യോഗത്തിന്റെ ടേപ്പുകൾ ഞാൻ എന്റെ മേലധികാരിക്ക് കൈമാറിയിട്ടുണ്ട്.'

ബാബരി മസ്ജിദിന്റെ തകർച്ച കേവലം ഒരു ഭ്രാന്തൻ ജനക്കൂട്ടത്തിന്റെ ആക്രമണം കൊണ്ടുമാത്രം സംഭവിച്ചതല്ല, മറിച്ച് സംഘപരിവാർ ശക്തികളുടെ കൂട്ടായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലാണ് സംഭവിച്ചതെന്ന് കോബ്രപോസ്റ്റ് നടത്തിയ സ്റ്റിങ് ഓപ്പറേഷനിലൂടെയും വെളിപ്പെടുത്തിയിരുന്നു.

### കേസും സിബിഐയും

ഇനി കേസ് എങ്ങനെയാണ് സിബിഐയിലേക്ക് എത്തിയതെന്ന് നോക്കാം. 1993 ഒക്ടോബർ 5നാണ് സിബിഐ

ബാബരി മസ്ജിദ് തകർത്തതുമായി ബന്ധപ്പെട്ട രണ്ടു കേസുകളും (197,198) ഏറ്റെടുക്കുകയും അവ രണ്ടും ഒരു ചാർജ്ഷീറ്റായി ഫയൽ ചെയ്യുകയും ചെയ്തത്. 197 കർസേവകർക്കെതിരെയുള്ളതും 198 അദ്വാനി അടക്കമുള്ള നേതാക്കൾക്കെതിരെയുള്ളതുമാണ്. 198ലെ ചാർജ്ഷീറ്റിൽ പറയപ്പെട്ട വ്യക്തികൾ വിനയ് കത്യാരുടെ വീട്ടിൽ രഹസ്യയോഗം ചേരുകയും മസ്ജിദ് തകർക്കാൻ തീരുമാനമെടുക്കുകയും ചെയ്തുവെന്നാണ് സിബിഐ കണ്ടെത്തിയത്. കേസ് 198 ഏറ്റെടുത്തപ്പോൾ അത് ഹൈക്കോടതിയുമായി ആലോചിച്ചില്ല എന്ന സാങ്കേതിക കാരണങ്ങൾ പറഞ്ഞു കേസിന്റെ വേഗതയെ തണുപ്പിച്ചു. എട്ടു വർഷങ്ങൾക്ക് ശേഷം 2001 മെയ് 24നു ലഖ്നൗ കോടതിയിലെ സ്പെഷൽ ജഡ്ജി ശ്രീകാന്ത് ശുക്ല, അദ്വാനിക്കും കൂട്ടർക്കുമെതിരെയുള്ള കേസ് പിൻവലിച്ചു. ഇതിനെതിരെ സിബിഐ റിവിഷൻ പെറ്റിഷൻ നൽകിയെങ്കിലും 2010 മെയ് 20നു അലഹബാദ് ഹൈക്കോടതി ശുക്ലയുടെ വിധി അംഗീകരിക്കുകയും സിബിഐ യുടെ പെറ്റിഷൻ തള്ളിക്കളയുകയും ചെയ്തു. ഇതിനെത്തുടർന്നാണ് 2011 ഫെബ്രുവരി 11നു സിബിഐ സുപ്രീംകോടതിയിൽ ശക്തമായ ഒരു നീക്കം നടത്തിയത്. 2017 മാർച്ച് 6നു സുപ്രീംകോടതി അത് അംഗീകരിച്ചു. സാങ്കേതിക കാരണം പറഞ്ഞ് ഗൂഢാലോചന കേസ് റദ്ദാക്കിയ വിചാരണക്കോടതിയുടെ നടപടി നിലനിൽക്കില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. കേസിൽ പ്രതികളായിട്ടുള്ള മുഴുവൻ പേർക്കെതിരെയും പുതിയ കുറ്റപത്രം നൽകാൻ സിബിഐക്ക് സുപ്രീംകോടതി നിർദേശം നൽകി. 'പ്രഥമദൃഷ്ട്യാ കുറ്റം നിലനിൽക്കുന്നതുകൊണ്ട് ആരോപിതരെ കുറ്റവിമുക്തരാക്കിയതിനെ അംഗീകരിക്കാൻ കഴിയില്ല. എന്തടിസ്ഥാനത്തിലാണ് ഇവരെ കുറ്റവിമുക്തരാക്കിയത്? സാങ്കേതിക കാരണങ്ങൾ ഒരിക്കലും കുറ്റവിമുക്തമാക്കാനുള്ള ന്യായീകരണമല്ല'- സുപ്രീംകോടതി നിരീക്ഷിച്ചു. ഇതിനെ തുടർന്നാണ് സിബിഐ ലഖ്നൗ സ്പെഷ്യൽ സിബിഐ കോടതിയിൽ നടപടികൾ പുനരാരംഭിച്ചത്. എന്നാൽ മുഴുവൻ പ്രതികളെയും കുറ്റവിമുക്തരാക്കിക്കൊണ്ടുള്ള വിധിയാണ് ഇപ്പോൾ സിബിഐ കോടതി പുറപ്പെടുവിച്ചിട്ടുള്ളത്. വിധിക്കെതിരെ മേൽക്കോടതിയെ സമീപിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് നിയമവകുപ്പുമായി ബന്ധപ്പെടുമെന്ന് സിബിഐ വ്യക്തമാക്കിയിട്ടുണ്ട്.

### ജസ്റ്റിസ് ലിബർഹാന്റെ പ്രതികരണം

സിബിഐ കോടതിയുടെ ഇപ്പോഴത്തെ വിധിയെ കുറിച്ച് നേരത്തെ കേസ് അന്വേഷിച്ചിരുന്ന ജസ്റ്റിസ് ലിബർഹാൻ പ്രതികരിച്ചത് ഇങ്ങനെയാണ്: 'ബാബരി മസ്ജിദ് തകർത്തത് ഒരു സിവിൽ ഗൂഢാലോചനയുടെ ഭാഗമാണെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. എന്റെ മുമ്പിൽ വന്ന തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. കമ്മീഷനു മുമ്പിൽ ഹാജരായ പ്രതികളാരും തെളിവുകൾ നിഷേധിച്ചിരുന്നില്ല. ഉമാഭാരതി അതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിരുന്നു. പള്ളി പൊളിച്ചത് അദൃശ്യശക്തികളൊന്നുമല്ല. മനുഷ്യകരങ്ങൾ തന്നെയാണ് പ്രവർത്തിച്ചത്.' ഇന്ത്യൻ എക്സ്പ്രസിന് നൽകിയ അഭിമുഖത്തിലാണ് ലിബർഹാൻ ഇങ്ങനെ പറഞ്ഞത്. (https://indianexpress.com/article/india/justice liberhanbabri-masjid-demolition-6657370/)

ഇപ്പോൾ വന്ന വിധിക്ക് ഒട്ടും നീതീകരണമില്ല എന്ന കാര്യം സംഘപരിവാർ അല്ലാത്ത മറ്റെല്ലാവരും ഒരുപോലെ വിളിച്ചു പറയുന്നു. കോൺഗ്രസും സിപിഎമ്മും മുസ്‌ലിംലീഗും ഇതര മതേതര പാർട്ടികളും വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാൻ സിബിഐയോട് ആവശ്യപ്പെട്ടുകഴിഞ്ഞു. നിയമത്തിന്റെ അങ്ങേയറ്റംവരെ പോയി ശരിയായ ന്യായവിധി കണ്ടെത്തണമെന്നാണ് ഇന്ത്യയുടെ മനഃസാക്ഷി ആവശ്യപ്പെടുന്നത്. രാജ്യത്ത് ഒരിക്കലും സമാധാനം ഉണ്ടാവരുതെന്നാണ് സംഘപരിവാർ ആഗ്രഹിക്കുന്നത്. ഇനിയും പുതിയ വിഷയങ്ങളുമായി അവർ രംഗപ്രവേശം ചെയ്യും. അതിനെ ഭരണഘടനയുടെയും സാമുദായിക സൗഹാർദത്തിന്റെയും പരിചകൾ കൊണ്ട് നേരിടുകയാണ് വേണ്ടത്.

സംയമനത്തിന്റെയും നിയമപോരാട്ടങ്ങളുടെയും മാർഗത്തിലൂടെ തന്നെ യഥാർഥ നീതി നടപ്പാക്കാൻ രാജ്യത്തെ ജനാധിപത്യമനസ്സുകൾ വിചാരിച്ചാൽ സാധിക്കും. ലോകംകണ്ട കിങ്കരന്മാരിൽ പലരും ഇതുപോലെ സത്യത്തെയും നീതിയെയും ചവിട്ടിമെതിച്ച് കീഴടക്കാൻ നോക്കിയിട്ടുണ്ട്. മൂസാനബി(عليه السلام)യിൽ വിശ്വസിച്ചുവെന്ന ഒറ്റക്കാരണത്താൽ ചോദ്യമോ വിചാരണയെ ഒന്നുമില്ലാതെ വിധിപറഞ്ഞ ഫിർഔനിനോട് വിശ്വാസികൾ പറഞ്ഞ ഒരൊറ്റ വാചകം മാത്രമാണ് നീതി നിഷേധിക്കുന്ന മുഴുവൻ സംവിധാനങ്ങളോടും പറയുവാനുള്ളത്: 'നീ വിധിക്കുന്നതെന്തോ അത് വിധിച്ച് കൊള്ളുക. ഈ ഐഹികജീവിതത്തിൽ മാത്രമെ നിനക്ക് വിധിക്കാൻ സാധിക്കുകയുള്ളൂ.'

അബൂഫായിദ
mail@nerpatham.com

ഹദീസ് പാഠം

# ഉത്തമ പുരുഷൻ

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "വിശ്വാസികളിൽ വിശ്വാസം പൂർത്തിയായവനും ഏറ്റവും നല്ല സൽസ്വഭാവിയും ഏറ്റവും ഉത്തമനും തങ്ങളുടെ ഭാര്യമാരോട് നല്ലനിലയിൽ വർത്തിക്കുന്നവനാണ്" (തുർമുദി)**

സ്ത്രീകളോട് മാന്യമായി പെരുമാറുവാൻ പുരുഷന്മാർ ശ്രദ്ധിക്കുന്നില്ല, അവരെ വെറും ഉപഭോഗവസ്തുവായിട്ടാണ് പുരുഷസമൂഹം കാണുന്നത് എന്നൊക്കെയുള്ള ആരോപണം ഇന്ന് സജീവമാണ്. എല്ലാ പുരുഷന്മാരും അങ്ങനെയല്ലെങ്കിലും ഈ ആരോപണത്തിൽ കഴമ്പില്ലാതില്ല. വാർത്താമാധ്യമങ്ങൾ ശ്രദ്ധിക്കുന്നവർക്ക് ഇതിനെ ശരിവയ്ക്കുന്ന രൂപത്തിലുള്ള സംഭവവികാസങ്ങൾ ദിനേന എത്രയോ കാണുവാൻ സാധിക്കും.

ഇനി കുടുംബജീവിതത്തിന്റെ കാര്യത്തിലായാലും തന്റെ ജീവിത പങ്കാളിയോട് മാന്യമായി പെരുമാറുവാൻ ശ്രമിക്കാത്ത, അവളെ എന്തുചെയ്യാനും തനിക്ക് അനുവാദമുണ്ടെന്ന തരത്തിൽ ചിന്തിക്കുന്ന ഒട്ടേറെ ഭർത്താക്കന്മാരുണ്ട്. അതിന്റെ ഫലമായി സംഭവിക്കുന്നത് കുടുംബത്തിലെ അശാന്തിയും സ്വസ്ഥതയില്ലായ്മയുമാണ്. ദാമ്പത്യ ജീവിതം ദുസ്സഹവും കലഹങ്ങൾ നിറഞ്ഞതുമായിത്തീരുന്നു. ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും കൊലചെയ്ത വാർത്തകൾ പത്രങ്ങളിൽ പതിവ് വാർത്തയായി പ്രത്യക്ഷപ്പെടുന്നു. മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെടുന്ന ഭാര്യമാരുടെ എണ്ണം അനുദിനം കൂടിക്കൊണ്ടിരിക്കുന്നു. വിവാഹമോചനം നാൾക്കുനാൾ വർധിച്ചുകൊണ്ടിരിക്കുന്നു.

ദമ്പതികളുടെ പരസ്പര സഹകരണവും വിശ്വാസവുമാണ് ഒരു നല്ല കുടുംബത്തിന്റെ അടിത്തറ. അതിന്റെ അഭാവത്തിൽ പ്രശ്നങ്ങൾ ഉത്ഭവിക്കുക സ്വാഭാവികം. എങ്ങനെ ഒരു നല്ല ഭർത്താവാകാം? എങ്ങനെ ഒരു നല്ല ഭാര്യയാകാം? എങ്ങനെ ഒരു നല്ല മനുഷ്യനാകാം? ഇസ്‌ലാം വളരെ വ്യക്തമായ മാർഗനിർദേശങ്ങൾ ഈ രംഗത്ത് നൽകുന്നുണ്ട്. ഒരു നല്ല മനുഷ്യനായിത്തീരണമെങ്കിൽ നല്ല ഭർത്താവായിത്തീരണമെന്ന് മുകളിൽ കൊടുത്ത നബിവചനം മനസ്സിലാക്കിത്തരുന്നു.

സമൂഹമധ്യെ മാന്യരും നല്ലവരുമായി അറിയപ്പെടുന്ന പലരും സ്വന്തം ഭാര്യമാരുടെയടുക്കൽ ചെന്നാൽ ക്രൂരരും മനുഷ്യത്വമില്ലാത്തവരുമായിരിക്കും. മാന്യതയുടെ മുഖംമൂടിയണിഞ്ഞവർ. സ്വന്തം ഭാര്യയോട് മാന്യമായി പെരുമാറാൻ കഴിയാത്തവന്റെ സമൂഹമധ്യത്തിലുള്ള മാന്യതയ്ക്കും സൽപേരിനും എന്തുവില?

സ്ത്രീ ഏറെ ക്ഷമിക്കുന്നവളാണെങ്കിലും പല വിഷയങ്ങളിലും അക്ഷമയും മുൻകോപവും അശ്രദ്ധയും മറ്റ് കൊച്ചുകൊച്ചു അപാകതകളും സ്ത്രീസഹജമായി അവളിൽ കണ്ടേക്കാം. അതെല്ലാം പൂർണമായി മാറ്റിയെടുത്ത് താൻ ഇഷ്ടപ്പെടാത്ത ഒരു സ്വഭാവവും ഇല്ലാത്തവളായി തന്റെ ഭാര്യയെ മാറ്റാമെന്നുള്ളത് വെറും വ്യാമോഹമാണ്. അതിനുശ്രമിച്ചാൽ ബന്ധം തകർന്നുപോവുകയായിരിക്കും ഫലം.


നബി(ﷺ) പറഞ്ഞു: "ഒരു സത്യവിശ്വാസി തന്റെ ഇണയെ വെറുക്കരുത്. അവളിൽ ഒരു സ്വഭാവത്തെ അവൻ വെറുക്കുന്നുവെങ്കിൽ മറ്റൊരു സ്വഭാവത്തെ തൃപ്തിപ്പെട്ടേക്കാം."

അതെ, ഭാര്യയും ഭർത്താവും അവനവന്റെ കടമകളും കടപ്പാടുകളും മനസ്സിലാക്കി പരസ്പരം വിശ്വസിച്ചും സഹകരിച്ചും ക്ഷമിച്ചും വിട്ടുവീഴ്ച ചെയ്തും സുഖദുഃഖങ്ങൾ പങ്കുവെച്ചുമാണ് ജീവിക്കേണ്ടത്. അതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

മാതാവിനെ മാതാവായും സഹോദരിയെ സഹോദരിയായും അന്യസ്ത്രീകളെ അന്യസ്ത്രീകളായും കാണുവാൻ സാധിക്കണം. അതിനനുസരിച്ച് പെരുമാറുകയും വേണം. അതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

നൂറുദ്ദീൻ സ്വലാഹി
noorudheenvettathur@gmail.com

ലേഖനം



# ആരാണ് ശിയാക്കൾ?

മുസ്‌ലിം സമുദായത്തിന് ഏറെ അപകടങ്ങൾ വരുത്തിവച്ച് വ്യതിചലിച്ചുപോയ കക്ഷികളാണ് ശിയാക്കൾ. ഹിജ്‌റ 61ൽ പ്രഃ ഹുസൈൻ ؓ കർബലയിൽവച്ച് വധിക്കപ്പെട്ടതോടെ സംഘടിത രൂപംപൂണ്ട ഈ വിഭാഗത്തിന്റെ വേരുകൾ ചെന്നെത്തുന്നത് ഇസ്‌ലാമിന്റെ മുഖംമൂടി ധരിച്ച ജൂതനായിരുന്ന അബ്ദുല്ലാഹിബ്നു സബഇലേക്കാണ് എന്നത് ചരിത്ര യാഥാർഥ്യമാണ്.

ഇറാക്ക്, ഇറാൻ, ബഹ്റൈൻ, കുവൈത്ത്, പാക്കിസ്ഥാൻ. ലബനാൻ തുടങ്ങിയ രാജ്യങ്ങളിൽ ഏറ്റവും ശക്തവും സംഘടിതവുമായി ഇവർ ഇന്ന് നിലകൊള്ളുന്നു. മാത്രമല്ല ലോകത്തിന്റെ മറ്റു പല ഭാഗത്തും ഇവരുടെ സാന്നിധ്യമുണ്ട്. ഇവരുടെ വിശ്വാസങ്ങൾ പല രാജ്യങ്ങളിലും വ്യാപകമായി പ്രചരിപ്പിക്കപ്പെടുകയും അത് മുസ്‌ലിംകളുടെ വിശ്വാസ, ആചാര, അനുഷ്ഠാന മേഖലയിൽ കടന്നുകയറി അവയെ വികലമാക്കുകയും ചെയ്തിട്ടുണ്ട് എന്നത് അനിഷേധ്യമാണ്.

### ശിയാക്കൾ യഥാർഥ മുസ്‌ലിംകളോ?

ലോകത്തിന്റെ കണ്ണിൽ മുസ്‌ലിംകൾ രണ്ടു വിഭാഗമാണ്. ഒന്ന് സുന്നികൾ അഥവാ അഹ്‌ലുസ്സുന്നഃ വൽജമാഅഃ, രണ്ടാമത്തെത് ശിയാക്കൾ. സാധാരണ നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന കർമശാസ്ത്ര ഭിന്നതകൾ പോലെയുള്ള എന്തൊക്കെയോ ചെറിയ അഭിപ്രായ വ്യത്യാസങ്ങൾ മാത്രമാണ് അഹ്‌ലുസ്സുന്നക്കും ശിയാക്കൾക്കും ഇടയിലുള്ളത് എന്ന ധാരണവച്ചുപുലർത്തുന്ന ധാരാളം ആളുകളുണ്ട്. അതുകൊണ്ട് തന്നെ എന്താണ് ശിയാ വിശ്വാസങ്ങൾ എന്ന് ലളിതമായി വിവരിക്കുകയാണ് ഈ കുറിപ്പിലൂടെ ഉദ്ദേശിക്കുന്നത്.

വളരെ അപകടകരവും മതത്തിൽനിന്നുതന്നെ തെറിച്ചുപോകുന്നതുമായ അഞ്ച് വികലവിശ്വാസങ്ങളാണ് ശിയാക്കൾ പ്രധാനമായും വച്ചുപുലർത്തുന്നത്. ഇമാമത്ത് വാദം, ഇസ്മത്ത് വാദം, തക്വിയ്യത്ത്, തഹ്‌രീഫുൽക്വുർആൻ, റജ്അത്ത് എന്നിവയാണവ.

ഈ അഞ്ച് കാര്യങ്ങൾ എന്താണെന്ന് മനസ്സിലായാൽ തന്നെ ഇസ്‌ലാമുമായി ശിയാക്കൾക്ക് യാതൊരു ബന്ധവുമില്ല എന്ന് നമുക്ക് ബോധ്യപ്പെടും.

### ഇമാമത്ത് വാദം

ശിയാക്കളിലെ ഇമാമിയ്യ വിഭാഗത്തിലെ എല്ലാ കക്ഷികൾക്കുമിടയിൽ അഭിപ്രായവ്യത്യാസമില്ലാത്തതും അവരുടെ ഉത്ഭവത്തിനും വളർച്ചയ്ക്കും നിദാനമായതുമായ കാര്യമാണ് ഇമാമത്ത് വാദം. ഇക്കൂട്ടരുടെ വിശ്വാസകാര്യങ്ങളുടെ മുഴുവൻ അടിത്തറയും നിലകൊള്ളുന്നതും മുസ്‌ലിംകളുമായി അവരുടെ വിയോജിപ്പുകളുടെ പ്രധാനതലവും ഇതിലാണുള്ളത്.

എന്താണ് ഇമാമത്ത് വാദം? ഒരു വ്യക്തി വിശ്വാസിയാവണമെങ്കിൽ സാധാരണ നമ്മൾ വിശ്വാസ കാര്യങ്ങളായി (ഈമാൻ കാര്യങ്ങൾ) പറയുന്ന; അല്ലാഹുവിലും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും അന്ത്യദിനത്തിലും വിധിയിലും വിശ്വസിക്കുന്നതോടൊപ്പം അലി(റ)യുടെ വിലായത്തിലും വിശ്വസിക്കൽ നിർബന്ധമാണ്. വിലായത്തിലുള്ള വിശ്വാസം ഇല്ലാതെ ബാക്കി ആറു കാര്യങ്ങൾ വിശ്വസിച്ചാലും ഒരാളുടെ ഈമാൻ പൂർണമാവില്ല എന്നതാണ് ഇതുകൊണ്ട് അർഥമാക്കുന്നത്.

'അലി(റ)യുടെ വിലായത്ത്' എന്നതുകൊണ്ട് എന്താണ് വിവക്ഷ? നബി(സ) തന്റെ മരണത്തിനു ശേഷം അലി(റ)യെക്കൊണ്ട് ഈ സമുദായത്തിന്റെ ഉത്തരവാദിത്തവും ഖിലാഫത്തും വസ്വിയ്യത്ത് ചെയ്തു എന്നും അദ്ദേഹമാണ് പ്രവാചകനു ശേഷം ഇസ്‌ലാം ദീനിന്റെ പൂർത്തീകരണം നിർവഹിക്കുക എന്നുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. നുബുവ്വത്ത് (പ്രവാചകത്വം) പോലെ അല്ലാഹു നൽകുന്ന ഒരു സ്ഥാനമായിട്ടാണ് ഇതിനെ ഇവർ കണക്കാക്കുന്നത്.

അല്ലാഹു തന്റെ അടിമകളിൽനിന്ന് അവനുദ്ദേശിക്കുന്നവർക്ക് പ്രവാചകത്വം നൽകുന്നതുപോലെ മറ്റുചിലർക്ക് ഇമാമത്ത് നൽകുമെന്നതാണ് ഈ വിശ്വാസത്തിന്റെ അടിസ്ഥാനം. ഇത്തരം പന്ത്രണ്ട് ഇമാമുരാണ് ഇമാമിയ്യ വിശ്വാസത്തിൽ ഉള്ളത്. ഇവരിലെല്ലാം വിശ്വസിക്കൽ നിർബന്ധവുമാണ്!

ഇമാമത്ത് വിശ്വാസം ഉൾക്കൊള്ളാത്തവരെല്ലാം അല്ലാഹുവിൽ അവിശ്വസിച്ചവരാണെന്നാണ് ഇവരിൽ ഭൂരിപക്ഷത്തിന്റെയും വാദം. ബാക്കിയുള്ളവരുടെ വാദം അവർ വിശ്വാസികളല്ല, മറിച്ച് അധർമകാരികളാണ് (ഫാസിക്വുകൾ) എന്നുമാണ്.

ശിയാക്കളുടെ പ്രധാന ഗ്രന്ഥങ്ങളിലൊന്നായ 'അൽകാഫി'യിൽ പറയുന്നത് നോക്കൂ: "നിശ്ചയം, അലി(റ)യോടുള്ള അനുസരണക്കേട് കുഫ്‌റാകുന്നു. അദ്ദേഹത്തെക്കാളും ഇമാമത്തിന് അർഹരായി മറ്റാരെങ്കിലും ഉണ്ടെന്ന വിശ്വാസമാവട്ടെ ശിർക്കുമാണ്"(അൽകാഫി 1/52).

'ഒരാൾ ഇമാമുകളിൽ ഏതെങ്കിലും ഒരു ഇമാമിനെയോ അവർക്ക് അല്ലാഹു നിർബന്ധമാക്കിയ അനുസരണത്തെ

> **ഇസ്മത്ത് (പാപസുരക്ഷിതത്വം) വാദമാണ് ശിയാക്കളും അഹ്‌ലുസ്സുന്നയുമായുള്ള വിയോജിപ്പിലെ മറ്റൊരു പ്രധാന വിഷയം. ഇതാകട്ടെ അത്യധികം അപകടകരവുമാണ്. അല്ലാഹുവിൽ നിന്നുള്ള വഹ്‌യ് (ദിവ്യബോധനം) ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്നതാണല്ലോ പ്രവാചകന്മാരുടെ ദൗത്യം. ഈ ദൗത്യനിർവഹണത്തിൽ അവർക്ക് പ്രത്യേകം സംരക്ഷണം ലഭിച്ചിട്ടുണ്ടെന്നും യാതൊരു വിധത്തിലുള്ള പിഴവുകളോ കുറവുകളോ സംഭവിച്ചിട്ടില്ല, അവർ പാപമുക്തരാണ് എന്നുമാണ് നമ്മൾ വിശ്വസിച്ചു പോരുന്നത്. ഇങ്ങനെ വിശ്വസിച്ചാൽ മാത്രമാണ് പ്രവാചകന്മാരിലുള്ള വിശ്വാസം പൂർണമാവുക.**

യോ നിഷേധിച്ചാൽ അവൻ കാഫിറും ശാശ്വത നരകപ്രവേശനത്തിന് അർഹനുമാണ്' (ബിഹാറുൽ അൻവാർ 33/390).

അലിﷺ പ്രവാചകന്റെ സ്വഹാബിയും(അനുചരൻ) ഖലീഫമാരിൽ ഒരാളും അഹ്‌ലുബൈത്തിൽ (നബികുടുംബം) പെട്ട വ്യക്തിയും പ്രവാചകന്റെ മരുമകനും ഇസ്‌ലാമിന്റെ യോദ്ധാവും എന്നു തുടങ്ങി ധാരാളം വിശേഷണങ്ങളുള്ള വ്യക്തിയാണല്ലോ. ഇതെല്ലാം ഉൾക്കൊള്ളുകയും അദ്ദേഹത്തെ സ്‌നേഹിക്കുകയും ചെയ്താലും അദ്ദേഹത്തിന്റെമേൽ ഇവർ കെട്ടിവച്ച വിലായത്ത് വാദം ഉൾക്കൊണ്ടില്ല എന്നതു കാരണം അഹ്‌ലുസ്സുന്നയുടെ ആളുകളുടെ വിശ്വാസം പൂർണമല്ല എന്നതാണ് ശിയാക്കളുടെ വാദം.

ശിയാ നേതാവ് മുഹമ്മദ് സ്വാദിഖ് റൂഹാനിയോട് ചോദിക്കപ്പെട്ടു: 'അഹ്‌ലുസ്സുന്നയുടെ ആളുകൾ അലിﷺയെ വെറുക്കുന്നില്ല. അവർ അദ്ദേഹത്തെ സ്‌നേഹിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ വിലായത്തിനെ അംഗീകരിക്കുന്നില്ല. ഇക്കാരണത്താൽ അവരുടെ മേൽ കുഫ്ർ (സത്യനിഷേധം അഥവാ അവിശ്വാസം) വിധിക്കാമോ? അവർ സ്വർഗത്തിൽ പ്രവേശിക്കുമോ?'

അദ്ദേഹം നൽകിയ മറുപടി ഇതാണ്: 'ഇബാദത്തുകളുടെ സ്വീകാര്യതക്ക് അമീറുൽ മുഅ്മിനീൻ അലിﷺയുടെ വിലായത്തിലുള്ള വിശ്വാസം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഈ നിബന്ധന നഷ്ടപ്പെട്ട ഒരാൾക്ക് എങ്ങനെയാണ് അതിനെത്തുടർന്നുള്ളത് ലഭിക്കുക?'

അഹ്‌ലുസ്സുന്നയുടെ ആളുകളുടെ കർമങ്ങൾ പൂർണമല്ലെന്നും ഈ വിശ്വാസം ഉൾക്കൊള്ളാത്തതിന്റെ പേരിൽ അവരുടെ ഇബാദത്തുകൾകൊണ്ട് യാതൊരു പ്രയോജനവും ഇല്ല എന്നുമാണല്ലോ ഇതിൽനിന്ന് ഇവരുടെ വാദമായി മനസ്സിലാകുന്നത്.

ശിയാ വിശ്വാസപ്രകാരം ഒരാൾ മുസ്‌ലിമാകണമെന്നുണ്ടെങ്കിൽ ശഹാദത്ത് കലിമയിൽ (സാക്ഷ്യവാക്യം) ഈ വാദംകൂടി പറയണം:

'അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹു വ അന്ന മുഹമ്മദൻ റസൂലുല്ലാഹ്, വ അന്ന അലിയ്യൻ വലിയുല്ലാഹ്'




(ആരാധനക്കർഹനായി അല്ലാഹു മാത്രമാണെന്നും നിശ്ചയം മുഹമ്മദ്ﷺ അല്ലാഹുവിന്റെദൂതനാണെന്നും അലിﷺ അല്ലാഹുവിന്റെ വലിയ്യാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു).

ഈ ഇമാമത്ത് വാദത്തെ എങ്ങനെയാണ് വിശ്വാസിയായ ഒരാൾ കേവല അഭിപ്രായ വ്യത്യാസമായി കണക്കാക്കുക? ഇതുപോലെത്തന്നെ അപകടകരമാണ് ബാക്കിയുള്ള നാലു കാര്യങ്ങളും.

**ഇസ്മത്ത് വാദം**

ഇസ്മത്ത് (പാപസുരക്ഷിതത്വം) വാദമാണ് ശിയാക്കളും അഹ്‌ലുസ്സുന്നയുമായുള്ള വിയോജിപ്പിലെ മറ്റൊരു പ്രധാന വിഷയം. ഇതാകട്ടെ അത്യധികം അപകടകരവുമാണ്. അല്ലാഹുവിൽനിന്നുള്ള വഹ്‌യ് (ദിവ്യബോധനം) ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്നതാണല്ലോ പ്രവാചകന്മാരുടെ ദൗത്യം. ഈ ദൗത്യനിർവഹണത്തിൽ അവർക്ക് പ്രത്യേകം സംരക്ഷണം ലഭിച്ചിട്ടുണ്ടെന്നും യാതൊരു വിധത്തിലുള്ള പിഴവുകളോ കുറവുകളോ സംഭവിച്ചിട്ടില്ല, അവർ പാപമുക്തരാണ് എന്നുമാണ് നമ്മൾ വിശ്വസിച്ചു പോരുന്നത്. ഇങ്ങനെ വിശ്വസിച്ചാൽ മാത്രമാണ് പ്രവാചകന്മാരിലുള്ള വിശ്വാസം പൂർണമാവുക.

എന്നാൽ ശിയാക്കൾക്ക്, 'പ്രവാചകന്മാർക്ക് ഇസ്മത്ത് ഉള്ളതുപോലെ അലി ﷺക്കും അദ്ദേഹത്തിന് ശേഷമുള്ള മുഴുവൻ ഇമാമുമാർക്കും റബ്ബിൽനിന്നുള്ള ഇസ്മത്ത് ലഭിച്ചിട്ടുണ്ട്, അവരെല്ലാം പ്രവാചകന്മാരെ പോലെ തന്നെ അല്ലാഹുവിന്റെ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നവരാണ്, അതിനാൽത്തന്നെ ഈ സംരക്ഷണം അവർക്കുമുണ്ട്' എന്ന വിശ്വാസം നിർബന്ധമാണ്.

ഇക്കാരണത്താൽതന്നെ തങ്ങളുടെ ഇമാമുമാരുടെ ഓരോ വാക്കിനും നബിമാരുടെ വാക്കുകളുടെ സ്ഥാനമാണ് ഇവർ നൽകുന്നത്.

എത്രമാത്രം അപകടകരമാണ് ഈ വാദം എന്ന് ആലോചിച്ചുനോക്കൂ! ലോകമുസ്‌ലിംകളുടെ വിശ്വാസപ്രകാരം 'സുന്നത്ത്' എന്നതുകൊണ്ട് അർഥമാക്കുന്നത് പ്രവാചകന്റെ ചര്യകൾ എന്നതാണ്. അതാവട്ടെ ക്വുർആനിന്റെ വിശദീകരണമാണ്. അതിനാൽ തന്നെ അത് മതത്തിന്റെ പ്രമാണമാണ്. എന്നാൽ ശിയാ വിശ്വാസപ്രകാരം അവരുടെ ഇമാമുമാരിൽനിന്നും ഉദ്ധരിക്കപ്പെടുന്നതിനെയും അവർ സുന്നത്തായി പരിഗണിക്കുന്നു. അതുകൊണ്ടുതന്നെ അവർ പ്രവാചകന്റെയും അവരുടെ മറ്റു ഇമാമുമാരുടെയും ചര്യകൾക്കിക്കിടയിൽ യാതൊരു വ്യത്യാസവും കൽപിക്കുന്നില്ല; എല്ലാം ഒരുപോലെ സുന്നത്തായി പരിഗണിക്കുന്നു.

ഇമാമത്ത് വാദം പോലെത്തന്നെ ഇസ്മത്ത് വിശ്വാസം ഉൾകൊള്ളാത്ത മുഴുവൻ ആളുകളും കാഫിറുകളാണ് എന്നും അവർ വാദിക്കുന്നു. ഇക്കാരണത്താൽ ആദ്യ മൂന്ന് ഖലീഫമാരും ഇസ്‌ലാമിന് പുറത്തും കുഫ്‌റിലുമാണ് എന്നാണ് ഇവരുടെ വിശ്വാസം. കാരണം അവരെല്ലാം അലി ﷺയുടെമേൽ ഇവർ കെട്ടിവച്ചതും അദ്ദേഹത്തിന് അറിയാത്തതുമായ ഇസ്മത്തിനെ അംഗീകരിക്കാത്തവരാണ്. അവർ മാത്രമല്ല, അവരുടെ ഖിലാഫത്തിന് ബൈഅത്ത് (അനുസരണപ്രതിജ്ഞ) ചെയ്ത മറ്റു സ്വഹാബിമാരും കാഫിറുകളാണെന്ന് ഇവർ വിശ്വസിക്കുന്നു.

എന്നാൽ സ്വഹാബിമാരെ കുറിച്ച് എന്താണ് ക്വുർആൻ പറയുന്നതെന്ന് നോക്കൂ: "മുഹാജിറുകളിൽനിന്നും അൻസ്വാറുകളിൽനിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവയ്ക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം" (ക്വുർആൻ 9:100).

അല്ലാഹു ഇഷ്ടപ്പെടുന്ന, അവൻ സ്വർഗമുണ്ട് എന്ന് സന്തോഷവാർത്തയറിയിച്ച സ്വഹാബിമാരെ കുറിച്ച് വളരെ മോശമായ ചിന്താഗതിവച്ചുപുലർത്തുന്ന, കാഫിറുകൾ എന്ന് മുദ്രകുത്തുന്ന ഇവരല്ലേ യഥാർഥത്തിൽ മതവൃത്തത്തിന്റെ പുറത്തുള്ളവർ?

സ്വഹാബിമാർ അല്ലാഹുവിന്റെയും പ്രവാചകന്റെയും ശത്രുക്കളാണെന്ന് വാദിക്കുന്ന ഇവർ കിട്ടുന്ന അവസരങ്ങളിലെല്ലാം അവരെ മോശമായി ചിത്രീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ്. ചരിത്രം വായിക്കുന്ന ഒരാൾക്ക് ശിയാവിശ്വാസങ്ങളുടെ ബലഹീനതയും അതെല്ലാം യാഥാർഥ്യങ്ങളോട് എത്രമാത്രം പുറംതിരിഞ്ഞു നിൽക്കുന്നു എന്നും പെട്ടെന്ന് ബോധ്യപ്പെടും.

അലി ﷺയുടെ ഇമാമത്തിനെ അംഗീകരിക്കാത്തതു കാരണം ഉമർ ﷺ ഇസ്‌ലാമിനു പുറത്താണ് എന്ന് പറയുന്ന ഇവർക്ക് അറിയില്ലേ അലി ﷺ തന്റെ മ

> **ലോകമുസ്‌ലിംകളുടെ വിശ്വാസപ്രകാരം 'സുന്നത്ത്' എന്നതുകൊണ്ട് അർഥമാക്കുന്നത് പ്രവാചകന്റെ ചര്യകൾ എന്നതാണ്. അതാവട്ടെ ക്വുർആനിന്റെ വിശദീകരണമാണ്. അതിനാൽ തന്നെ അത് മതത്തിന്റെ പ്രമാണമാണ്. എന്നാൽ ശിയാ വിശ്വാസപ്രകാരം അവരുടെ ഇമാമുമാരിൽനിന്നും ഉദ്ധരിക്കപ്പെടുന്നതിനെയും അവർ സുന്നത്തായി പരിഗണിക്കുന്നു. അതുകൊണ്ടുതന്നെ അവർ പ്രവാചകന്റെയും അവരുടെ മറ്റു ഇമാമുമാരുടെയും ചര്യകൾക്കിക്കിടയിൽ യാതൊരു വ്യത്യാസവും കൽപിക്കുന്നില്ല; എല്ലാം ഒരുപോലെ സുന്നത്തായി പരിഗണിക്കുന്നു. ഇമാമത്ത് വാദം പോലെത്തന്നെ ഇസ്മത്ത് വിശ്വാസം ഉൾകൊള്ളാത്ത മുഴുവൻ ആളുകളും കാഫിറുകളാണ് എന്നും അവർ വാദിക്കുന്നു. ഇക്കാരണത്താൽ ആദ്യ മൂന്ന് ഖലീഫമാരും ഇസ്‌ലാമിന് പുറത്തും കുഫ്‌റിലുമാണ് എന്നാണ് ഇവരുടെ വിശ്വാസം. കാരണം അവരെല്ലാം അലി(റ)യുടെമേൽ ഇവർ കെട്ടിവച്ചതും അദ്ദേഹത്തിന് അറിയാത്തതുമായ ഇസ്മത്തിനെ അംഗീകരിക്കാത്തവരാണ്.**

കൾ ഉമ്മുകുൽസൂമിനെ വിവാഹം ചെയ്തു കൊടുത്തത് ഉമറിന്ﷺ ആയിരുന്നു എന്ന്?

അലിﷺ ഒരിക്കലും വിശ്വസിക്കാത്ത, ഹസൻﷺ, ഹുസൈൻﷺ എന്നിവർ വിശ്വസിക്കുകയോ അറിയുകയോ ചെയ്യാത്ത പല വികലവാദങ്ങളും പിന്നീട് അവരുടെമേൽ കെട്ടിവച്ച് ഇസ്‌ലാമിന്റെ മുഖം വികൃതമാക്കാൻ ശ്രമിച്ചവർ എങ്ങനെ ഇസ്‌ലാമിന്റെ അനുയായികളാകും? നേരത്തെ സൂചിപ്പിച്ച പോലെ ഒരു ജൂതന്റെ ദുർബുദ്ധിയിൽനിന്നുൽഭവിച്ച ആശയങ്ങൾ പേറുന്നവരാണ് ശിയാക്കൾ. ശിയായിസത്തിന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. ഇവരുടെ ഇസ്‌ലാംവിരുദ്ധ ആശയങ്ങളെയും വിശ്വാസങ്ങളെയും കേവലം അഭിപ്രായ വ്യത്യാസങ്ങളായി നാം എങ്ങനെ പരിഗണിക്കും?

### തക്വിയ്യത്ത് വിശ്വാസം

തക്വിയ്യത്ത് വിശ്വാസമാണ് അഹ്‌ലുസ്സുന്നയുടെ ആദർശത്തിൽനിന്നും വ്യതിചലിച്ചുപോയ ശിയാക്കളുടെ മറ്റൊരു പ്രധാന വികലവിശ്വാസം. ഏറെ പ്രാധാന്യത്തോടെയാണ് അവർ ഇതിനെ കാണുന്നത്. എന്താണ് തക്വിയ്യത്ത്? ഒരാൾ തന്റെ മനസ്സിലുള്ളത് മറച്ചുവച്ച് അതിനു വിപരീതമായി സംസാരിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.


ഇത് വ്യക്തമായ അസംബന്ധമാണെന്ന് ആർക്കാണ് ബോധമില്ലാത്തത്? കാപട്യം, കളവ് എന്നൊക്കെയാണല്ലോ ഈ സ്വഭാവത്തിന് നമ്മൾ പറയാറുള്ളത്. മതത്തിൽ തീർത്തും നിഷിദ്ധവും വലിയ പാപവുമായി കണക്കാക്കപ്പെടുന്ന കാര്യമാണിത്.

ഒരു വ്യക്തി തന്റെ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിക്കപ്പെട്ട് ജീവനു ഭീഷണിയുണ്ടാവുന്ന സാഹചര്യത്തിൽ മാത്രമാണ് ഇസ്‌ലാം ഇത്തരമൊരു അനുവാദം നൽകുന്നത്. അതായത് ആ സന്ദർഭത്തിൽ വേണമെങ്കിൽ താൽക്കാലിക രക്ഷക്കുവേണ്ടി ഹൃദയത്തിൽ ഉൾക്കൊള്ളാതെ കേവല വാക്കു പറയുന്നത് അനുവദനീയമാണ്; അങ്ങനെ പ്രവർത്തിക്കലാവട്ടെ നിർബന്ധവുമില്ല.

“വിശ്വാസിയായിരിക്കെ അവിശ്വാസം സ്വീകരിച്ചവർക്ക് അല്ലാഹുവിൽനിന്നുള്ള കോപവും കഠിന ശിക്ഷയും ഉണ്ടാകും. എന്നാൽ ദൃഢവിശ്വാസിയായിരിക്കെ നിർബന്ധിക്കപ്പെട്ട് അവിശ്വാസത്തിന്റെ വാക്കുകൾ പറഞ്ഞവർ ഇതിൽനിന്നും ഒഴിവാണ്” (ക്വുർആൻ 16:106).

എന്നാൽ ഇത്തരം സന്ദർഭത്തിൽ പോലും തങ്ങളുടെ വിശ്വാസം മറച്ചുവയ്ക്കാതെ ശത്രുവിന് മുന്നിൽ തുറന്നുപറഞ്ഞ് രക്തസാക്ഷിത്വം വരിച്ച എത്രയോ സഹാബിമാരുടെ ചരിത്രം നാം വായിച്ചിട്ടില്ലേ? ഖുബൈബ്ﷺ മരണം വരിക്കുന്നതും ബിലാൽﷺ മക്കയിൽ പീഡിപ്പിക്കപ്പെട്ടതും അറിയാത്തവരായി ആരാണുള്ളത്?

ശിയാക്കളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ വികലവിശ്വാസങ്ങളും വൃത്തികേടുകളും സ്ഥാപിച്ചെടുക്കാനായി അവർ കണ്ടെത്തിയ അടവുനയമാണ് തക്വിയ്യത്ത്. മത, ഭൗതിക കാര്യങ്ങളിൽ പ്രയാസങ്ങൾ വരുത്തിവയ്ക്കുന്ന എന്തെങ്കിലും പ്രവർത്തനങ്ങളിൽ ശത്രുക്കളുമായി ഏറ്റുമുട്ടലിന് മുതിരാതിരിക്കുക, തങ്ങളുടെ യഥാർഥ വിശ്വാസം പുറത്ത് പ്രകടിപ്പി



ക്കാതിരിക്കുക, സത്യം മറച്ചുവച്ച് സംസാരിക്കുക ഇതൊക്കെയാണ് ഇവരുടെ തക്വിയ്യത്തിന്റെ പൊരുൾ. അതായത് തങ്ങൾ ഇച്ഛിക്കുന്നതോ പ്രയാസമെന്ന് തോന്നുന്നതോ ആയ കാര്യങ്ങളിൽ ആഗ്രഹപൂർത്തീകരണത്തിന് വേണ്ടി ഏതുവിധത്തിലും കളവു പറയാനുള്ള ലൈസൻസ് നൽകുന്നതാണ് ഈ വിശ്വാസം.

അലിയ്യുബ്നു അബീത്വാലിബിﷺനാണ് പ്രവാചകൻ തന്റെശേഷം മതത്തിന്റെ എല്ലാ ഉത്തരവാദിത്തങ്ങളും വസ്വിയ്യത്ത് നൽകിയതെന്നും അദ്ദേഹത്തിനാണ് ഇമാമത്തും ഇസ്മത്തും ലഭിച്ചത് എന്നുമാണ് ശിയാവിശ്വാസം എന്ന് നാം സൂചിപ്പിച്ചുവല്ലോ. ഇതാണ് വാസ്തവമെങ്കിൽ എന്തുകൊണ്ടാണ് അലിﷺ അബൂബക്കർﷺ, ഉമർﷺ, ഉസ്മാൻﷺ തുടങ്ങിയവരുടെ ഖിലാഫത്തിനെ (ഭരണത്തെ) അംഗീകരിച്ചതും അവർക്കു കീഴിൽ എല്ലാ കാര്യങ്ങളിലും പൂർണമനസ്സോടെ നിലകൊണ്ടതും തന്റെ മകളെ ഉമറിﷺന് വിവാഹം ചെയ്തു കൊടുത്തതും എന്ന് ചോദിക്കുമ്പോൾ ശിയാക്കൾ ഈ കള്ളവാദവുമായി രംഗത്ത് വരും. അതെല്ലാം തക്വിയ്യത്തിന്റെ ഭാഗമായിരുന്നു എന്ന് ന്യായീകരിക്കും.

എന്തുമാത്രം അപരാധമാണ് സ്വഹാബികളുടെമേൽ ഇവർ വച്ചുകെട്ടുന്നതെന്ന് ആലോചിച്ചു നോക്കൂ! അവരെല്ലാം കാഫിറുകൾ തന്നെയായിരുന്നു, അതെല്ലാം അലിﷺക്ക് അറിയുകയും ചെയ്തിരുന്നു, തക്വിയ്യത്തിന്റെ ഭാഗമായി അദ്ദേഹം മറച്ചുവച്ചതാണ് എന്ന് പറയുന്നതിനെ അംഗീകരിക്കാൻ എങ്ങനെ ഒരു സത്യവിശ്വാസിക്കു സാധിക്കും?

ഇതെല്ലാം സ്ഥാപിച്ചെടുക്കാൻ ക്വുർആൻ വചനങ്ങളെ ദുർവ്യാഖ്യാനിച്ചവരാണിവർ. സൂറത്തുൽ ഹുജ്റാത്തിലെ പതിമൂന്നാം വചനത്തിൽ പ്രതിപാദിച്ച 'തീർച്ചയായും അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയർ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവരാകുന്നു' എന്നതിലെ 'ആദരണീയർ' എന്നതിന് ശിയാക്കളുടെ പൂർവകാല പണ്ഡിതനായ ശൈഖ് അസ്സ്വദൂക് എന്നറിയപ്പെടുന്ന അലി അൽ ക്വുമ്മി നൽകുന്ന വ്യാഖ്യാനം 'നിങ്ങളിൽ തക്വിയ്യത്തിൽ അവഗാഹമുള്ളവരാകുന്നു' എന്നാണ്! (അൽ ഇഅതികാദു ഫീ ദീനിൽ ഇമാമിയ്യ, പേജ് 108).

'നല്ലതും ചീത്തയും സമമാവുകയില്ല' എന്നു തുടങ്ങുന്ന സൂറത്തുൽ ഫുസ്സ്വിലത്തിലെ വചനത്തിലെ 'നല്ലത്' എന്നതിന് ശിയാവ്യാഖ്യാനം തക്വിയ്യത്ത് എന്നാണ് (ശറഹു ഉസൂലുൽ കാഫി, 9/118).

ഈ തികഞ്ഞ കാപട്യത്തിന് ഇവർ എന്തുമാത്രം സ്ഥാനം നൽകുന്നുണ്ടെന്ന് അറിയാൻ

> **തക്വിയ്യത്താണ് അഹ്‌ലുസ്സുന്നയുടെ ആദർശത്തിൽനിന്നും വ്യതിചലിച്ചുപോയ ശിയാക്കളുടെ പ്രധാന വികലവിശ്വാസങ്ങളിൽ ഒന്ന്. ഏറെ പ്രാധാന്യത്തോടെയാണ് അവർ ഇതിനെ കാണുന്നത്. എന്താണ് തക്വിയ്യത്ത്? ഒരാൾ തന്റെ മനസ്സിലുള്ളത് മറച്ചുവച്ച് അതിനു വിപരീതമായി സംസാരിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് വ്യക്തമായ അസംബന്ധമാണെന്ന് ആർക്കാണ് ബോധമില്ലാത്തത്? കാപട്യം, കളവ് എന്നൊക്കെയാണല്ലോ ഈ സ്വഭാവത്തിന് നമ്മൾ പറയാറുള്ളത്.**

ഒന്നുരണ്ട് ഉദ്ധരണികൾ കാണുക. ശിയാ സൈദ്ധാന്തികൻ കുലൈനി തന്റെ അൽകാഫിയിൽ അബൂബസറയിൽനിന്ന് രേഖപ്പെടുത്തുന്നു: "അബൂഅബ്ദില്ല പറഞ്ഞു: തക്വിയ്യത്ത് അല്ലാഹുവിന്റെ ദീനിൽ പെട്ടതാണ്." ഞാൻ ചോദിച്ചു: "അല്ലാഹുവിന്റെ ദീനിൽ പെട്ടതാണോ?" അദ്ദേഹം പറഞ്ഞു: "അല്ലാഹുവാണ് സത്യം, അതെ. അത് മതത്തിന്റെ ഭാഗമാണ്" (അൽകാഫി 2/217).

"നിശ്ചയം മതത്തിന്റെ പത്തിൽ ഒമ്പത് ഭാഗവും തക്വിയ്യത്തിൽ അധിഷ്ഠിതമാണ്. തക്വിയ്യത്തിൽ വിശ്വാസം ഇല്ലാത്തവന് ദീൻ തന്നെയില്ല" (അൽ കാഫി 2/217).

"ഭക്തിയില്ലാത്തവന് മത(ദീൻ)മില്ല. തക്വിയ്യത്ത് ഇല്ലാത്തവന് ഈമാൻ (വിശ്വാസം) ഇല്ല. നിങ്ങളുടെ കൂട്ടത്തിൽ ദൈവസന്നിധിയിൽ ഉത്തമരായിട്ടുള്ളത് തക്വിയ്യത്തിൽ അവഗാഹമുള്ളവരാണ്" (ബിഹാറുൽ അൻവാർ).

ഇത്തരം അപകടകരമായ വിശ്വാസങ്ങൾ വച്ചുപുലർത്തുന്നവരെ എങ്ങനെയാണ് മുസ്‌ലിംകളായി പരിഗണിക്കുക? എങ്ങനെയാണ് ഇതിനെയൊക്കെ നിസ്സാരമായ പ്രശ്നമായി കണക്കാക്കി കണ്ണടച്ച് അവഗണിക്കാൻ ഒരു വിശ്വാസിക്കു സാധിക്കുക?

**(അവസാനിച്ചില്ല)**

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ്

# നേർപഥം Online Quiz



zameel
the soulmate

## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- ശനിയാഴ്ച രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- വരിക്കാരെ പരിഗണിച്ച് ഇനി മുതൽ ഓരോ ലക്കവും മത്സരത്തിനായി രണ്ടാഴ്ച ഓൺലൈനിൽ ലഭ്യമാവും.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 191

**ഒന്നാം സമ്മാനം:**
Ibrahim Irfan, Perunguzhi, Chirayinkeezh, Thiruvananthapuram

**രണ്ടാം സമ്മാനം:**
Muhammed Bin Abdul Razak VP, Kadeeja manzil, Chokli, Kannur

**മൂന്നാം സമ്മാനം:**
Yaseen Shareef, Niramaruthur, Paravanna, Malappuram

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ
ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz



## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 195 - ചോദ്യങ്ങൾ

1) നബി(സ്വ)പറഞ്ഞു: "വിശ്വാസികളിൽ വിശ്വാസംപൂർത്തിയായവനും ഏറ്റവും നല്ല സൽസ്വഭാവിയും ഏറ്റവും ഉത്തമനും തങ്ങളുടെ ഭാര്യമാരോട് നല്ലനിലയിൽ വർത്തിക്കുന്നവനാണ്"(തുർമുദി). ഈ ഹദീഥ് നിവേദനം ചെയ്യുന്നത് ഏത് സ്വഹാബിയിൽ നിന്നാണ്?

(1) ഇബ്നു അബ്ബാസി(റ)ൽനിന്ന് (2) ഇബ്നു ഉമറി(റ)ൽനിന്ന് (3) അബൂഹുറയ്റ(റ)യിൽനിന്ന്

2) "അവരെ ഉപമിക്കാവുന്നത് ഒരാളോടാകുന്നു: അയാൾ തീ കത്തിച്ചു. പരിസരമാകെ പ്രകാശിതമായപ്പോൾ അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളയുകയും ഒന്നും കാണാനാവാതെ ഇരുട്ടിൽ (തപ്പുവാൻ) അവരെ വിടുകയും ചെയ്തു" (ക്വുർആൻ 2:17). ആരെയാണ് ഈ സൂക്തത്തിൽ ഉപമിക്കുന്നത്?

(1) കപടവിശ്വാസികളെ (2) യഹൂദികളെ (3) മുശ്‌രിക്കുകളെ

3) "വല്ലവനും ഒരു നന്മ കൊണ്ടുവന്നാൽ അവന്ന് അതിന്റെ പതിൻമടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിന്മ കൊണ്ടുവന്നാൽ അതിന് തുല്യമായ പ്രതിഫലം മാത്രമെ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരു അനീതിയും കാണിക്കപ്പെടുകയില്ല."

(1) ക്വുർആൻ 6:17 (2) ക്വുർആൻ 61:60 (3) ക്വുർആൻ 6:160

4) ശിയായിസത്തിനു വിത്തുപാകിയ ജൂതൻ?

(1) അബ്ദുല്ലാഹിബിനു സബഅ് (2) അബ്ദുല്ലാഹിബിനു സുലൂൽ (3) അബ്ദുല്ലാഹിബിനു സ്വാദിക്വ്

5) മുആവിയ(റ) റോമക്കാരുടെ നേരെ പടനയിച്ചപ്പോൾ പിന്തിരിയാൻ കാരണക്കാരനായ സ്വഹാബി?

(1) അംറുബുനുൽ ആസ്വ്(റ) (2) അബൂഹുറയ്റ(റ) (3) അംറ് ഇബ്നുഅബസ(റ)

6) "സംസാരിച്ചാൽ കളവുപറയും. ഉടമ്പടി ചെയ്താൽ ലംഘിക്കും. തർക്കിച്ചാൽ നെറികേട് പറയും" (ബുഖാരി). ആര്?

(1) ബനൂഇസ്‌റാഈല്യർ (2) കപടവിശ്വാസികൾ (3) അഗ്നിയാരാധകർ

7) ബാബരി മസ്ജിദ് തകർക്കപ്പെട്ട വർഷം, മാസം?

(1) 1992 ഡിസംബർ 6 (2) 1992 ഡിസംബർ 8 (3) 1992 ഡിസംബർ 10

8) ബാബരി മസ്ജിദ് ധ്വംസനത്തെ കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി 1992 ഡിസംബർ 16നു രൂപവത്കരിക്കപ്പെട്ട കമ്മീഷൻ?

(1) ജസ്റ്റിസ് മുനീർ കമ്മീഷൻ (2) ജസ്റ്റിസ് എം.എൽ ലിബർഹാൻ കമ്മീഷൻ (3) മണ്ഡൽ കമ്മീഷൻ

9) ലോക്ഡൗൺ കാലത്ത് മാർച്ച് മുതൽ സെപ്റ്റംബർ 20 വരെ ..................... പരാതികൾ ദേശീയ വനിതാ കമ്മീഷന് യുപിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

(1) 5470 (2) 5740 (3) 5047

10) "നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു."

(1) ക്വുർആൻ 13:72 (2) ക്വുർആൻ 17:32 (3) ക്വുർആൻ 32:17

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

ഡോ: ഹാഫിസ് ജലാലുൽഹഖ് സലഫി, ആമയൂർ
mail@nerpatham.com

ലേഖനം

# പരിശുദ്ധ ക്വുർആനിലെ ഉപമാലങ്കാരങ്ങളിലൂടെ



പരിശുദ്ധ ക്വുർആനിൽ ഒട്ടേറെ ഉപമകൾ കാണുവാൻ സാധിക്കും. ചെറിയ ഉപമകളിലൂടെത്തന്നെ വിഷയങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാൻ സാധിക്കും എന്നതിനാൽ ഉപമകളിലൂടെ അല്ലാഹു മാനവരാശിയെ പ്രധാനപ്പെട്ട പല കാര്യങ്ങളും പഠിപ്പിക്കുന്നുണ്ട്. അറബികൾക്കിടയിൽ ഉപമകൾക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. അത് അവരുടെ കവിതകളിലൂടെ വളരെ വ്യക്തമാണ്.

ക്വുർആനിലെ ഏതാനും ഉപമകളിലൂടെ നമുക്ക് കടന്നുപോകാം.

### കപടവിശ്വാസിയുടെ ഉപമ

കപടവിശ്വാസികളുടെ മാനസികാവസ്ഥയെ പ്രതിപാദിച്ചുകൊണ്ടുള്ള ഒട്ടനവധി ഉപമകൾ ക്വുർആനിലുണ്ട്. അതിൽപെട്ട ഒരു ഉപമ ഇപ്രകാരമാണ്. അല്ലാഹു പറയുന്നു:

“അവരെ ഉപമിക്കാവുന്നത് ഒരാളോടാകുന്നു: അയാൾ തീ കത്തിച്ചു. പരിസരമാകെ പ്രകാശിതമായപ്പോൾ അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളയുകയും ഒന്നും കാണാനാവാതെ ഇരുട്ടിൽ (തപ്പുവാൻ) അവരെ വിടുകയും ചെയ്തു. ബധിരരും ഊമകളും അന്ധൻമാരുമാകുന്നു അവർ. അതിനാൽ അ

വർ (സത്യത്തിലേക്ക് തിരിച്ചുവരികയില്ല. അല്ലെങ്കിൽ (അവരെ) ഉപമിക്കാവുന്നത് ആകാശത്തുനിന്നു ചൊരിയുന്ന ഒരു പേമാരിയോടാകുന്നു. അതോടൊപ്പം കൂരിരുട്ടും ഇടിയും മിന്നലുമുണ്ട്. ഇടിനാദങ്ങൾനിമിത്തം മരണംഭയന്ന് അവർ വിരലുകൾ ചെവിയിൽ തിരുകുന്നു. എന്നാൽ അല്ലാഹു സത്യനിഷേധികളെ വലയം ചെയ്തിരിക്കുകയാണ്. മിന്നൽ അവരുടെ കണ്ണുകളെ റാഞ്ചിയെടുക്കുമാറാകുന്നു. അത് (മിന്നൽ) അവർക്ക് വെളിച്ചം നൽകുമ്പോഴെല്ലാം അവർ ആ വെളിച്ചത്തിൽ നടന്നുപോകും. ഇരുട്ടാകുമ്പോൾ അവർ നിന്നുപോകുകയും ചെയ്യും. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ കേൾവിയും കാഴ്ചയും അവൻ തീരെ നശിപ്പിച്ചുകളയുക തന്നെ ചെയ്യുമായിരുന്നു. നിസ്സംശയം അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാണ്" (ക്വുർആൻ 2:17-20).

നബിﷺ മദീനയിൽ വന്നപ്പോൾ ധാരാളം ആളുകൾ ഇസ്‌ലാമിൽ പ്രവേശിക്കുകയും അൽപം നാളുകൾക്കകം അവരിൽ പലരും അവരുടെ വിശ്വാസം കയ്യൊഴിക്കുകയും കപടവിശ്വാസികളായി മാറുകയും ചെയ്യുകയുണ്ടായി. യഥാർഥത്തിൽ ഇത്തരം ആളുകളുടെ, അല്ലെങ്കിൽ ഈ കപടവിശ്വാസികളുടെ ഉപമ ഒരു മനുഷ്യന്റെത് പോലെയാണ്. അതായത് ഒരു മനുഷ്യൻ ഒട്ടനവധി കാലം ഇരുട്ടിൽ കഴിയുകയും എന്നിട്ടയാൾ ഒരു തീ കത്തിക്കുകയും ആ തീ കാരണത്താൽ അദ്ദേഹത്തിന്റെ ചുറ്റുപാടുമുള്ള കുണ്ടുകളും അപകടങ്ങളും അടക്കമുള്ള ഉപദ്രവകരമായ സകലമാന വസ്തുക്കളെയും തിരിച്ചറിയാൻ സാധിക്കുകയും നല്ല ഒരു ജീവിതത്തിലേക്ക് നടന്നുനീങ്ങാൻ അത് കാരണമാവുകയും ചെയ്തു. അങ്ങനെ ജീവിതത്തിൽ കൃത്യമായ ഒരു ദിശാബോധവും കാഴ്ചപ്പാടും ഉണ്ടാക്കിയെടുക്കാൻ ആ വെളിച്ചത്താൽ സാധിച്ചു. അങ്ങനെയിരിക്കെ ഒരുനാൾ ആ മനുഷ്യന്റെ തീ അണഞ്ഞുപോയി. അതിനാൽ അവൻ അവന്റെ ജീവിതത്തിലെ ആദ്യകാലത്തെ ഇരുട്ടിലേക്ക് മാറിപ്പോവുകയും ജീവിതത്തിലെ അപകട വസ്തുക്കളെ തിരിച്ചറിയാതാവുകയും ചെയ്തു.

ഇപ്രകാരമാണ് കപടവിശ്വാസിയുടെ ഉപമ. അതായത് അവൻ ആദ്യം ശിർക്കും അന്ധവിശ്വാസങ്ങളുമാകുന്ന ഇരുട്ടിലായിരുന്നു. തുടർന്ന് സത്യമാർഗമാകുന്ന വെളിച്ചം ലഭിച്ചപ്പോൾ അവന്ന് തിരിച്ചറിവുണ്ടാവുകയും ഹലാലും ഹറാമും വേർതിരിച്ചറിയുകയും ചെയ്തു. അതുമൂലം ജീവിതത്തിൽ എന്തെല്ലാമാണ് സൂക്ഷിക്കേണ്ടതെന്നറിയാൻ സാധിച്ചു. അങ്ങനെയിരിക്കെ അവൻ വീണ്ടും തന്റെ പഴയ അവിശ്വാസത്തിലേക്കുതന്നെ മടങ്ങി. തുടർന്ന് അവന്ന് നന്മയും തിന്മയും വേർതിരിച്ചറിയാൻ കഴിയാതെയായി. അതാണ് ക്വുർആൻ ശേഷം പറഞ്ഞത്; 'അവർ ബധിരന്മാരും ഊമകളും അന്ധന്മാരുമാകുന്നു, ഇനി അവർ യഥാർഥ വിശ്വാസത്തിലേക്ക് മടങ്ങുകയില്ല' എന്ന്. കപടവിശ്വാസികൾ കാണേണ്ട കാര്യങ്ങൾ കാണാനോ മനസ്സിലാക്കേണ്ടുന്ന കാര്യങ്ങൾ മനസ്സിലാക്കാനോ കേൾക്കേണ്ട കാര്യങ്ങൾ കേൾക്കാനോ തയ്യാറായില്ല. അതുകൊണ്ടാണ് അലങ്കാരരൂപത്തിൽ 'അവർ അന്ധന്മാരും ബധിരന്മാരും ഊമകളുമാണ്' എന്ന് അല്ലാഹു വിശേഷിപ്പിച്ചത്.

അല്ലാഹു പറയുന്നു: "ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും ധാരാളം പേരെ നാം നരകത്തിനു വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്. അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്കു കാതുകളുണ്ട്. അതുപയോഗിച്ച് അവർ കേട്ടുമനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ"(ക്വുർആൻ 7:179).

കപടവിശ്വാസികൾ അന്ധന്മാരും ഊമകളും ബധിരന്മാരുമാണെന്ന് അലങ്കാര രൂപേണ സൂറഃ അൽ ഹജ്ജിലും അല്ലാഹു പറയുന്നുണ്ട്:

"ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ച് മനസ്സിലാക്കാനുതകുന്ന ഹൃദയങ്ങളോ, കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങളെയാണ് അന്ധത ബാധിക്കുന്നത്"(ക്വുർആൻ 22:46).

സത്യത്തെ തീയിനോടാണ് ഉപമിച്ചത് എന്നത് ശ്രദ്ധേയമാണ്. തീ സർവ അഴുക്കുകളെയും മാലിന്യങ്ങളെയും നീക്കം ചെയ്ത് ശുദ്ധീകരിച്ചെടുക്കുന്നു. ഇപ്രകാരം ഇസ്‌ലാമാകുന്ന വെളിച്ചം സർവ തിന്മകളെയും തുടച്ചുനീക്കുന്നു.

കപടവിശ്വാസികൾ ഇരുട്ടിൽ ശക്തമായ മഴയിൽ അകപ്പെട്ട ഒരാളെ പോലെയാണ്. മഴയുടെ ആധിക്യവും കഠിനമായ ഇരുട്ടും ഇടിയും മിന്നലും അതിനാലുള്ള ഭയവും അസമാധാനവും എല്ലാം കൂടിയുള്ള അവസ്ഥയിൽ മുന്നോട്ടു നടന്നുനീങ്ങാൻ കഴിയാതെ, ശക്തമായ ഇടിയും മിന്നലും വരുമ്പോൾ ചെവിയിൽ വിരലുകൾ തിരുകി, കണ്ണുകൾ അടച്ച്, മിന്നലിന്റെ അൽപം വെളി

ച്ചം ലഭിക്കുമ്പോൾ നടക്കാൻ ശ്രമിക്കുന്നു. മിന്നൽ നിന്നുകഴിഞ്ഞാൽ സ്തബ്ധനായി നിൽക്കുന്നു. ഇപ്രകാരമുള്ള ഒരു അവസ്ഥയിൽ അകപ്പെട്ടവന്റെ അവസ്ഥ എന്തായിരിക്കും? ജീവിതകാലം മുഴുവൻ ഇപ്രകാരമാണെങ്കിൽ; അങ്ങനെയുള്ള ഒരു ജീവിതത്തിൽ എങ്ങനെ സ്വസ്ഥതയും സമാധാനവും രക്ഷയും ഉണ്ടാകും? ഇതാണ് കപടവിശ്വാസിയുടെ അവസ്ഥ. അവൻ എപ്പോഴും അസ്വസ്ഥനായിരിക്കും.

## അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവന്റെ ഉപമ

അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കൽ വളരെ പുണ്യകരമായ ഒരു പ്രവർത്തനമാണ്. അനുവദനീയമായ രൂപത്തിൽ സമ്പാദിച്ചതിൽനിന്നും ഒരു ഈത്തപ്പഴമെങ്കിലും ദാനം ചെയ്താൽ അല്ലാഹു തന്റെ വലതുകൈകൊണ്ട് അതിനെ സ്വീകരിക്കുകയും അതിനെ വമ്പിച്ച പ്രതിഫലം ലഭിക്കുന്നതാക്കി മാറ്റുകയും ചെയ്യുമെന്ന ആശയമുള്ള ഹദീഥ് നമുക്ക് കാണാവുന്നതാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്'' (ക്വുർആൻ 2:261).

അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കേണ്ടതിന്റെ പ്രാധാന്യവും മഹത്ത്വവുമാണ് ഈ വചനത്തിലൂടെ അറിയിക്കുന്നത്. സമ്പത്ത് ചെലവഴിക്കുന്നതിന്റെ നേട്ടം മനോഹരമായ ഒരു ഉപമയിലൂടെ അല്ലാഹു നമ്മുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. ഓരോ കതിരിലും നൂറ് ധാന്യമണികളുള്ളതായ ഏഴു കതിരുകൾ ഉൽപാദിപ്പിക്കുന്ന നല്ല ഒരു ധാന്യമണിയോടാണ് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരെ വിശേഷിപ്പിച്ചിരിക്കുന്നത്. ഈ ഉപമ വളരെ ശ്രദ്ധേയമാണ്. ചെലവഴിക്കുന്ന വിഷയം, മാർഗം, ഉദ്ദേശ്യം, പരിശുദ്ധി, ആത്മാർഥത മുതലായവക്കനുസരിച്ചാണ് പ്രതിഫലത്തിന്റെ തോതിൽ ഏറ്റക്കുറവ് ഉണ്ടാകുന്നത്. ഭൂമിയിൽ നിക്ഷേപിക്കുന്ന വിത്തിന്റെയും മണ്ണിന്റെയും മേൽനോട്ടത്തിന്റെയും തോതനുസരിച്ചാണ് അതിൽനിന്നുള്ള ഗുണം നമുക്ക് ലഭിക്കാറുള്ളത്. ഇപ്രകാരം തന്നെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവന്റെ ആത്മാർഥതയും ഉദ്ദേശ്യലക്ഷ്യവും വളരെ പ്രസക്തമാണ് എന്ന കാര്യമാണ് ഈ ഉപമയിലൂടെ അല്ലാഹു നമ്മെ ഉണർത്തുന്നത്. നന്മയെക്കുറിച്ചും തിന്മയെക്കുറിച്ചും അവയുടെ പ്രതിഫലത്തെക്കുറിച്ചുമെല്ലാം ക്വുർആനിലും ഹദീഥിലും ധാരാളം പരാമർശങ്ങൾ കാണാം. നന്മക്ക് പത്തിരട്ടി പ്രതിഫലം ലഭിക്കുമെന്ന് ക്വുർആൻ പറയുന്നു:

"വല്ലവനും ഒരു നന്മ കൊണ്ടുവന്നാൽ അവന്ന് അതിന്റെ പതിൻമടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിന്മ കൊണ്ടുവന്നാൽ അതിന് തുല്യമായ പ്രതിഫലം മാത്രമെ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരു അനീതിയും കാണിക്കപ്പെടുകയില്ല"(ക്വുർആൻ 6:160).

നന്മചെയ്തവന് അതിനെക്കാൾ ഉത്തമമായത് അല്ലാഹു നൽകും എന്നാണ് ക്വുർആൻ മറ്റൊരിടത്ത് പറയുന്നത്: "ആർ നന്മയും കൊണ്ടുവന്നോ അവന് അന്ന്) അതിനെക്കാൾ ഉത്തമമായത് ഉണ്ടായിരിക്കും. അന്ന് ഭയവിഹ്വലതയിൽനിന്ന് അവർ സുരക്ഷിതരായിരിക്കുകയും ചെയ്യും" (ക്വുർആൻ 27:89).

എന്നാൽ തിന്മയെക്കുറിച്ച് അല്ലാഹു പറഞ്ഞപ്പോൾ പ്രവർത്തിച്ച തിന്മക്ക് തുല്യമായി മാത്രമെ ശിക്ഷിക്കുകയുള്ളൂ എന്നാണ് പറയുന്നത്.

"ആർ തിന്മയും കൊണ്ടുവന്നുവോ അവർ നരകത്തിൽ മുഖംകുത്തി വീഴ്ത്തപ്പെടുന്നതാണ്. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ?"(ക്വുർആൻ 27:90).

"ആർ നന്മയും കൊണ്ടുവന്നുവോ അവന്ന് അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും. വല്ലവനും തിന്മയുംകൊണ്ടാണ് വരുന്നതെങ്കിൽ തിന്മ പ്രവർത്തിച്ചവർക്ക് തങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമല്ലാതെ നൽകപ്പെടുകയില്ല" (ക്വുർആൻ 28:84).

ഇതേ ആശയം നബിﷺ നമ്മെ പഠിപ്പിക്കുന്നത് കാണുക: ഇബ്നു അബ്ബാസി(റ)ൽനിന്ന്: "തന്റെ രക്ഷിതാവിൽനിന്ന് നബിﷺ പ്രസ്താവിച്ചു: 'നന്മകളും തിന്മകളും വ്യവസ്ഥപ്പെടുത്തിയിട്ട് അല്ലാഹു അത് വ്യക്തമാക്കി; ആരെങ്കിലും ഒരു സൽകർമം ചെയ്യാൻ ഉദ്ദേശിച്ചു, പക്ഷേ, അതിനവർക്ക് സാധിച്ചില്ല. എങ്കിൽ അത് ഒരു പൂർണ നന്മയായും, നന്മചെയ്യാൻ സാധിച്ചാൽ പത്തു മുതൽ എഴുന്നൂറും അതിൽ കൂടുതലും നന്മകളായും അല്ലാഹു അതിനെ നിശ്ചയിക്കു

ന്നതാണ്. ഒരാൾ ഒരു തിന്മ ചെയ്യാനുദ്ദേശിക്കുകയും ചെയ്യാതിരിക്കുകയും ചെയ്താൽ ഒരു തിന്മയായി മാത്രമെ അല്ലാഹു അതിനെ രേഖപ്പെടുത്തുകയുള്ളൂ" (ബുഖാരി, മുസ്‌ലിം).

ധാന്യമണിയോടുള്ള ഈ ഉപമയിൽ ഏഴുന്നൂറിരട്ടി എന്ന് പറയാതെ നൂറ് മണികളുള്ള ഏഴുകതിർ പുറത്തെടുക്കുന്ന ധാന്യംപോലെ എന്ന് പറഞ്ഞതിൽനിന്നും അവൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുകയും ചെയ്യും എന്ന് പറഞ്ഞതിൽനിന്നും ധനം ചെലവഴിക്കുന്നവന്റെ ധനത്തിന്റെ പരിശുദ്ധിയെയും ഉദ്ദേശ്യശുദ്ധിയെയും അല്ലാഹു പരിഗണിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. ചെറിയ സൽകർമങ്ങൾക്ക് വമ്പിച്ച പ്രതിഫലം നൽകും എന്നറിയുമ്പോൾ ചെറുതും വലുതുമായ പുണ്യകർമങ്ങൾ ചെയ്യുവാൻ സ്വാഭാവികമായും നാം തയ്യാറാകുമല്ലോ. ഇത്തരത്തിലുള്ള ലളിതമായ ഉപമകൾ നീണ്ട വിശദീകരണത്തെക്കാൾ മനസ്സിൽ സ്വാധീനം ചെലുത്തും, തീർച്ച.

### ലോകമാന്യത്തിനായി ധർമം ചെയ്യുന്നവന്റെ ഉപമ

നാം ചെയ്തുകൊണ്ടിരിക്കുന്ന ഏത് ആരാധനകളിലും സൽകർമങ്ങളിലും ഉദ്ദേശ്യശുദ്ധിയും ആത്മാർഥതയും അനിവാര്യമാണ്, അതില്ലാത്തപക്ഷം അല്ലാഹു ആ കർമങ്ങൾ സ്വീകരിക്കുകയില്ല. എല്ലാ ആരാധനയുടെയും ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം. അല്ലാഹുവിന് വേണ്ടിയല്ലെങ്കിൽ അഥവാ ആത്മാർഥതയില്ലെങ്കിൽ അത്തരം കർമങ്ങൾകൊണ്ട് യാതൊരു നേട്ടവുമുണ്ടായിരിക്കുന്നതല്ല.



മറ്റുള്ളവരെ ഉപദ്രവിക്കുവാനും ലോകമാന്യതക്കും വേണ്ടി സമ്പത്ത് ചെലവഴിക്കുന്നവരുടെ ഉപമയാണ് താഴെ പറയുന്ന വചനത്തിൽ നാം കാണുന്നത്:

"സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞ് കൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ, ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവ് ചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ അൽപം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറമേൽ ഒരു കനത്ത മഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴിയില്ല. അല്ലാഹു സത്യനിഷേധികളായ ജനതയെ നേർവഴിയിലാക്കുകയില്ല" (ക്വുർആൻ 2:264).

നമ്മുടെ ദാനധർമങ്ങളുടെ പ്രതിഫലം നഷ്ടപ്പെടാതിരിക്കാൻ, അവ ഫലശൂന്യമായിത്തീരാതിരിക്കാൻ മൂന്ന് കാര്യങ്ങൾ ഉണർത്തിക്കൊണ്ട്, ആ മൂന്ന് കാര്യങ്ങൾ സത്യവിശ്വാസിയുടെ ജീവിതത്തിൽ ഉണ്ടാവാൻ പാടില്ല എന്നും, അവ ഉണ്ടായിക്കഴിഞ്ഞാൽ അതിന്റെ പര്യവസാനം എപ്രകാരമായിരിക്കും എന്നും ഒരു ഉപമയിലൂടെ അല്ലാഹു വിശദീകരിക്കുകയാണ്.

ഈ സൂക്തത്തിലെ ഉപമാലങ്കാരം വളരെ അർഥവത്താണ്. ലോകമാന്യത, ഉപദ്രവം, ചെയ്തത് എടുത്തു പറയൽ മുതലായ പ്രവർത്തനങ്ങൾവഴി ചെയ്ത ദാനധർമങ്ങൾ നിഷ്ഫലമായിത്തീരും. അതിനാൽ കർമങ്ങളെ ഇല്ലാതാക്കുന്ന ഈ മൂന്ന് കാര്യങ്ങളെ ഉണർത്തിക്കൊണ്ട് അവയിൽനിന്ന് മാറി നിൽക്കാനാണ് അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നത്.

ചെയ്ത ഉപകാരങ്ങൾ അവസരം ലഭിക്കുമ്പോഴെല്ലാം എടുത്തുപറഞ്ഞു കൊണ്ടിരിക്കുക, അതിന്റെ എണ്ണവും

വലുപ്പവും പറഞ്ഞ് ജനങ്ങൾക്കിടയിൽ ഭൗതിക ലാഭത്തിനോ പേരിനും പെരുമക്കും വേണ്ടിയോ ആഗ്രഹിക്കുക എന്നതാണ് ഇതിലെ ഒന്നാമത്തെ കാര്യം. ഇത്തരക്കാരിൽനിന്ന് ആർക്കാണോ ഉപകാരം ലഭിച്ചത് എങ്കിൽ ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം അയാളുടെ അഭിമാനത്തിന് മുറിവേൽപിക്കലാണ് ഈ എടുത്തുപറയൽ എന്ന കാര്യത്തിൽ സംശയമില്ല.

ആർക്കാണോ ഉപകാരം ചെയ്തത്; ആ വ്യക്തിയെ സദാസമയം വാക്കുകൾ കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും ഉപദ്രവിച്ചുകൊണ്ടേയിരിക്കുക, ഞാനാണ് അവനെ സഹായിച്ചത്, അതിനാൽ ജീവിതകാലം മുഴുവൻ അവൻ എനിക്ക് കടമപ്പെട്ടിരിക്കുന്നു, എന്നോട് അവൻ നന്ദിയും കൂറും ഉള്ളവനായി ജീവിക്കണം തുടങ്ങിയ ചിന്തകളും ദുർവിചാരങ്ങളുമാണ് ഇതിനു പിന്നിൽ. സത്യവിശ്വാസിക്ക് ഒരിക്കലും ഇത്തരം ചിന്തകൾ ഉണ്ടാവാൻ പാടില്ല.

ജനങ്ങൾക്കിടയിൽ പേരും പ്രശസ്തിയും ലഭിക്കുവാൻ വേണ്ടി, മറ്റുള്ളവരെ കാണിക്കാനും അറിയിക്കാനും വേണ്ടിയുള്ള ഉദ്ദേശ്യത്തിൽ ദാനധർമങ്ങൾ ചെയ്യുക എന്നതാണ് മൂന്നാമത്തെ കാര്യം. ഇത്തരക്കാർക്കും ആ കർമത്തിന് പരലോകത്ത് പ്രതിഫലം ലഭിക്കാൻ പോകുന്നില്ല.

ഉറപ്പുള്ള, നല്ല മിനുസമുള്ള പാറക്കല്ലിൽ അൽപം മണ്ണുണ്ടെങ്കിൽ അതിലേക്ക് ശക്തിയായി പെയ്തു കൊണ്ടിരിക്കുന്ന മഴ തട്ടിക്കഴിഞ്ഞാൽ എന്തായിരിക്കും അവസ്ഥയെന്ന് പറയേണ്ടതില്ലല്ലോ. അൽപം പോലും മണ്ണ് ബാക്കിയാവുകയില്ല. ഇപ്രകാരമാണ് അത്തരം ആളുകളുടെ പ്രവർത്തനങ്ങളുടെ അവസ്ഥ!

അതിനാൽ ഓരോ സത്യവിശ്വാസിയും ദാനധർമങ്ങളെ ഇല്ലാതാക്കുന്ന കാര്യങ്ങളിൽനിന്ന് മാറിനിൽക്കുകയും ദാനധർമങ്ങൾ ചെയ്യുന്നത് പൂർണമായും അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ടായിരിക്കുകയും വേണം. അങ്ങനെയുള്ള ധനവ്യയങ്ങൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവച്ചിട്ടുണ്ടെന്ന് അല്ലാഹു നമ്മെ അറിയിക്കുന്നു.

## സത്യനിഷേധികളുടെ ചെലവഴിക്കൽ

സമ്പത്ത് ചെലവഴിക്കുന്നവരെ അല്ലാഹു ഏറെ ഇഷ്ടപ്പെടുന്നു. അതിന് ധാരാളം പുണ്യവും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. എന്നാൽ സത്യനിഷേധികളുടെ ദാനധർമങ്ങൾ വൃഥാവിലാണ്. സമ്പത്ത് അല്ലാഹു അല്ലാത്തവരുടെ മാർഗത്തിലും അവരുടെ തൃപ്തിക്കും അവരോടുള്ള വിധേയത്വത്തിന്റെ ഭാഗമായും മറ്റും ചെലവഴിക്കുന്ന സത്യനിഷേധികളുടെ ഉപമയായി ക്വുർആൻ പറയുന്നു:

"സത്യനിഷേധികളെ സംബന്ധിച്ചിടത്തോളം അവരുടെ സ്വത്തുകളോ സന്താനങ്ങളോ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് അവർക്ക് ഒട്ടും രക്ഷനേടികൊടുക്കുന്നതല്ല. അവരാണ് നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. ഈ ഐഹികജീവിതത്തിൽ അവർ ചെലവഴിക്കുന്നതിനെ ഉപമിക്കാവുന്നത് ആത്മദ്രോഹികളായ ഒരു ജനവിഭാഗത്തിന്റെ കൃഷിയിടത്തിൽ ആഞ്ഞുവീശി അതിനെ നശിപ്പിച്ചുകളഞ്ഞ ഒരു ശീതക്കാറ്റിനോടാകുന്നു. അല്ലാഹു അവരോട് ദ്രോഹം കാണിച്ചിട്ടില്ല. പക്ഷേ, അവർ സ്വന്തത്തോട് തന്നെ ദ്രോഹം ചെയ്യുകയായിരുന്നു" (ക്വുർആൻ 3:116,117).

സത്യനിഷേധത്തിലധിഷ്ഠിതമായതുകൊണ്ട് ഒരു പുണ്യവും നേടാൻ അവർക്ക് കഴിയില്ല. ഇത്തരം ആളുകളുടെ ഉപമകൾ എപ്രകാരമാണ് എന്ന് ക്വുർആൻ പലയിടങ്ങളിലായി ഉണർത്തിയിട്ടുണ്ട്. ഈ ലോകത്ത് നാം പ്രാധാന്യം കൊടുക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് സമ്പത്തും സന്താനങ്ങളും. സത്യനിഷേധികളായ ആളുകൾക്ക് പരലോകത്ത് അവകൊണ്ട് യാതൊരു നേട്ടവും ലഭിക്കില്ല. ദാനധർമങ്ങൾ നല്ല മാർഗത്തിൽ അവർ ചെലവഴിച്ചാലും അതിന്റെ പ്രതിഫലം അവർക്ക് നേടാൻ സാധ്യമല്ല. കാരണം അല്ലാഹുവിന്റെ തൃപ്തിയും പരലോകത്തുള്ള പ്രതിഫലവും ആഗ്രഹിച്ചുകൊണ്ടല്ല അതൊന്നും അവർ ചെയ്യുന്നത്. അത് ഒരു ഉപമയിലൂടെ അല്ലാഹു നമ്മുടെ മുമ്പിൽ വെക്കുന്നു.

ശക്തമായ തണുപ്പുള്ള ഒരു കൊടുങ്കാറ്റ് ആഞ്ഞടിച്ചാൽ കൃഷിയിടങ്ങൾ നാമാവശേഷമാകുന്നതുപോലെയാണ് അവരുടെ ധാനധർമങ്ങളുടെ അവസ്ഥ. സത്യനിഷേധത്തിൽ നിലകൊള്ളുകയും അല്ലാഹു അല്ലാത്തവരുടെ മാർഗത്തിലും പ്രശസ്തിക്കും പൊങ്ങച്ചത്തിനും വേണ്ടി സമ്പത്ത് ചെലവഴിച്ചാൽ പരലോകത്ത് അതിന്റെ പ്രതിഫലം കൊയ്തെടുക്കുവാൻ അവർക്ക് സാധ്യമല്ല. അധ്വാനിച്ചുണ്ടാക്കിയ കൃഷിയെല്ലാം കൊടുങ്കാറ്റിൽപെട്ട് നാമാവശേഷമായ പോലെ ചെയ്ത ദാനധർമങ്ങളുടെ പ്രതിഫലം നഷ്ടപ്പെട്ടവരായി അവർ മാറും.

**(അവസാനിച്ചില്ല)**

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com

ലേഖനം



# കുവൈത്ത്: നയതന്ത്ര വിശാരദൻ അരങ്ങൊഴിഞ്ഞു

കുവൈത്ത് അമീർ ശൈഖ് സ്വബാഹ് അൽഅഹ്മദ് അൽസ്വബാഹ് 9 പതിറ്റാണ്ടിന്റെ സംഭവബഹുലമായ ജീവിതസപര്യയുമായി അല്ലാഹുവിലേക്ക് യാത്രയായി. അദ്ദേഹത്തിന്റെ ഭരണനിർവഹണ കാര്യങ്ങളിൽ പലതിന്റെയും ചുമതല കഴിഞ്ഞ ജൂലായ് 18 മുതൽക്കു തന്നെ അദ്ദേഹത്തിന്റെ പിൻഗാമിക്ക് നൽകിയിരുന്നു. ജൂലായ് 23 മുതൽ അദ്ദേഹം അമേരിക്കയിൽ ചികിത്സയിലായിരുന്നു. 1929 ജൂൺ 16ന് ജനിച്ച ശൈഖ് സ്വബാഹ് സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനവും രാഷ്ട്രീയാനുഭവ പാഠങ്ങളും ലക്ഷ്യംവച്ച് യുവത്വത്തിന്റെ നല്ല ഒരു കാലം ചെലവഴിച്ചത് വിദേശ രാജ്യങ്ങളിലായിരുന്നു.

കുവൈത്തിൽ അദ്ദേഹത്തിന്റെ പൊതുജീവിതം ആരംഭിക്കുന്നത് അദ്ദേഹത്തിന് 25 വയസ്സ് പൂർത്തിയാകുമ്പോഴാണ്. ഭരണകൂടത്തിന്റെ പ്രധാന വകുപ്പുകളും പ്രവർത്തന രൂപരേഖയും തയ്യാറാക്കുന്ന ഉന്നതാധികാര സമിതിയിൽ 1954 ജൂലൈ 19ന് അദ്ദേഹം അംഗമായി. 1957ൽ കുവൈത്തിന്റെ ഔദ്യോഗിക ഗസറ്റ് 'കുവൈത്ത് അൽയൗം' തു

ടങ്ങുകയും സർക്കാർ പ്രസ്സ് സ്ഥാപിക്കുകയും ചെയ്തത് അദ്ദേഹം അച്ചടി പ്രസിദ്ധീകരണ വിഭാഗത്തിന്റെ തലവനായിരിക്കുമ്പോഴാണ്. കുവൈത്തിലെ പ്രസിദ്ധമായ 'അൽ അറബി' മാസിക പ്രസിദ്ധീകരിക്കാൻ തുടങ്ങിയതും അദ്ദേഹമാണ്.

1961ൽ കുവൈത്ത് സ്വാതന്ത്ര്യം നേടിയപ്പോൾ രാജ്യത്തിന്റെ ഭരണഘടനാ നിർമാണസമിതിയിൽ അദ്ദേഹം അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 1962ൽ സ്വാതന്ത്ര്യാനന്തര ആദ്യ മന്ത്രിസഭയിൽ അദ്ദേഹം വാർത്താവിതരണ വകുപ്പ് മന്ത്രിയായി. 1963 ജനുവരി 28നു നടന്ന ആദ്യ പാർലിമെന്റ് തെരഞ്ഞെടുപ്പിനു ശേഷം രൂപീകരിക്കപ്പെട്ട മന്ത്രിസഭയിൽ അദ്ദേഹം വിദേശകാര്യ വകുപ്പിന്റെ ചുമതല ഏറ്റെടുത്തു. തുടർന്നു നാലു പതിറ്റാണ്ടുകാലം അദ്ദേഹം വിദേശകാര്യ വകുപ്പ് മന്ത്രിയായി പ്രവർത്തിച്ചു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പലപ്പോഴായി ഉയർന്നുവന്ന ഭരണകൂടങ്ങളുമായി ബന്ധം സ്ഥാപിക്കുവാനും അതുവഴി ഭരണ നൈപുണ്യം നേടാനും നീണ്ട ഈ 40 വർഷത്തെ അനുഭവങ്ങൾ അദ്ദേഹത്തെ പ്രാപ്തനാക്കി.

1963 മെയ് 11നു കുവൈത്തിനെ യുഎന്നിൽ ഒരു അംഗരാജ്യമായി അംഗീകരിച്ചപ്പോൾ യുഎൻ ആസ്ഥാനത്തു കുവൈത്തിന്റെ പതാക ആദ്യമായി നാട്ടിയതും ശൈഖ് സ്വബാഹാണ്. ലോകരാജ്യങ്ങൾ നേരിട്ട നിരവധി പ്രശ്നങ്ങളിൽ മധ്യസ്ഥനായി ഇടപെട്ടു പരിഹാരമുണ്ടാക്കുന്നതിലും അദ്ദേഹത്തിന്റെ പങ്കു ശ്രദ്ധേയമായിരുന്നു.

കുവൈത്ത് ഭരണാധികാരികളുടെ പട്ടികയിൽ പതിനഞ്ചാമത്തെ അമീറായി ശൈഖ് സ്വബാഹ് സ്ഥാനമേൽക്കുന്നത് ശൈഖ് ജാബിർ അൽസ്വബാഹിന്റെ മരണത്തോടെ 2006ലാണ്. അതിന്നുമുമ്പ് 2003 മുതൽ അമീറാകുന്നതുവരെ അദ്ദേഹം പ്രധാനമന്ത്രിയുമായിരുന്നു. മറ്റൊരു പ്രത്യേകത അദ്ദേഹം കുവൈത്ത് പാർലിമെന്റ് വോട്ടുചെയ്തു തെരഞ്ഞെടുത്ത ആദ്യ അമീറാണ് എന്നതാണ്. അന്ന് വലിയ്യുൽ അഹ്ദ് (അമീറിന്റെ പിൻഗാമി) ഉണ്ടായിരുന്നില്ല. ശൈഖ് സഅദ് അബ്ദുല്ല ശൈഖ് ജാബിറിന്റെ ശേഷം അമീറായി രണ്ടാഴ്ച കഴിഞ്ഞയുടനെ രോഗിയാവുകയും തുടർന്ന് അമീറിന്റെ ദൗത്യനിർവഹണം സാധ്യമാവാതെ വന്നപ്പോൾ പാർലിമെന്റ് അമീർ സ്ഥാനത്തേക്ക് ശൈഖ് സഅദിന്നു പകരം ശെയ്ഖ് സ്വബാഹിനെ അമീറായി തെരഞ്ഞെടുക്കുകയായിരുന്നു. സ്വതന്ത്ര കുവൈത്തിന്റെ അഞ്ചാമത്തെ അമീറായിരുന്നു ശൈഖ് സ്വബാഹ്.

> **'ക്വാഇദുൽ ഇൻസാനി' (മനുഷ്യത്വത്തിന്റെ അമരക്കാരൻ) എന്ന വലിയ ബഹുമതി മുൻ യുഎൻ സെക്രട്ടറി ജനറൽ ബാൻ കീ മൂണിൽനിന്ന് ശൈഖ് സ്വബാഹ് ഏറ്റുവാങ്ങി. അന്നുമുതൽ കുവൈത്ത് അറിയപ്പെടുന്നത് 'മനുഷ്യക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രം' എന്നാണ്. മത, വർഗ, ഭൂമിശാസ്ത്ര വൈവിധ്യങ്ങൾക്കതീതമായി ലോകത്തൊട്ടാകെ കാറ്റുപോലെ കുവൈത്തിന്റെ സഹായഹസ്തങ്ങൾ നീണ്ടു. അതുകൊണ്ടുതന്നെ ലോകത്തിന്റെ വലുപ്പവുമായി തട്ടിച്ചുനോക്കുമ്പോൾ കൃഷ്ണമണിയെക്കാൾ ചെറുതായ ഒരു രാജ്യം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ലോകത്തിന്റെ നെറുകയിൽ കയറിക്കൂടി.**

2014 സെപ്തംബർ 9ന് മനുഷ്യചരിത്രത്തിലാദ്യമായി 'ക്വാഇദുൽ ഇൻസാനി' (മനുഷ്യത്വത്തിന്റെ അമരക്കാരൻ) എന്ന വലിയ ബഹുമതി മുൻ യുഎൻ സെക്രട്ടറി ജനറൽ ബാൻ കീ മൂണിൽനിന്ന് അദ്ദേഹം ഏറ്റുവാങ്ങി. ലോകത്തിന്റെ മുക്കുമൂലകളിൽ വ്യാപിച്ച കുവൈത്ത് ഭരണകൂടത്തിന്റെയും ജനതയുടെയും ഉദാരതക്കു കിരീടമണിയിക്കലായിരുന്നു അത്. അന്നുമുതൽ കുവൈത്ത് അറിയപ്പെടുന്നത് 'മനുഷ്യക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രം' എന്നാണ്. മത, വർഗ, ഭൂമിശാസ്ത്ര വൈവിധ്യങ്ങൾക്കതീതമായി ലോകത്തൊട്ടാകെ കാറ്റുപോലെ കുവൈത്തിന്റെ സഹായഹസ്തങ്ങൾ നീണ്ടു. അതുകൊണ്ടുതന്നെ ലോകത്തിന്റെ വലുപ്പവുമായി തട്ടിച്ചുനോക്കുമ്പോൾ കണ്ണിന്റെ കൃഷ്ണമണിയെക്കാൾ ചെറുതായ ഒരു രാജ്യം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ലോകത്തിന്റെ നെറുകയിൽ കയറിക്കൂടി. തകർന്നുതരിപ്പണമായ സിറിയയുടെ പുനർനിർമാണത്തെ സഹായിക്കുന്നതിന്നു സന്നദ്ധരായ രാജ്യങ്ങളുടെ ആദ്യ മുന്നു സമ്മേളനങ്ങൾക്കും ആതിഥ്യം നൽകിയതു കുവൈത്തായിരുന്നു. ഒരുകാലത്ത് കുവൈത്തിനെത്തന്നെ അണ്ണാക്കുതൊടാതെ വിഴുങ്ങിക്കളഞ്ഞ ഇറാക്കിന്നുപോലും സഹായങ്ങളുമായി കുവൈത്ത് ഒന്നാംനിരയിൽ ഇടംപിടിച്ചു. 'ജനങ്ങൾ അവരുടെ രാജാക്കന്മാരുടെ മതത്തിലാണ്' എന്ന ചൊല്ല് അന്വർഥമാക്കുന്ന തരത്തിലായിരുന്നു കുവൈത്ത് ജനതയുടെ ഈ രംഗത്തെ പാദമുദ്രകൾ.

## ശൈഖ് നവാഫ് അൽഅഹ്മദ്: അമീറിന്റെ കൊട്ടാരത്തിലെ സൗമ്യസാന്നിധ്യം



ശൈഖ് സ്വബാഹ് അൽഅഹ്മദിന്റെ നിര്യാണ ശേഷം കുവൈത്തിന്റെ പതിനാറാമത്തെ അമീറായി ശൈഖ് നവാഫ് അൽഅഹ്മദ് അൽജാബിർ അൽ സ്വബാഹ് (83) സ്ഥാനമേറ്റെടുത്തു. 2006ൽ വലിയ്യുൽ അഹ്ദ് ആയി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കുവൈത്ത് ഭരണതലത്തിൽ നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. നീണ്ട 14 വർഷങ്ങൾ തന്റെ സഹോദരന്റെ കൂടെ ഒരു നിഷ്‌കാമ കർമിയായി അദ്ദേഹം നിലകൊണ്ടു. കുവൈത്ത് ഭരണകുടുംബത്തിലെ ഭരണമാറ്റ പൈതൃകമനുസരിച്ചാണ് ശൈഖ് നവാഫ് ഇപ്പോൾ ഭരണമേറ്റെടുക്കുന്നത്. 1990ൽ കുവൈത്ത്-ഇറാക്ക് യുദ്ധം നടക്കുമ്പോൾ അദ്ദേഹം പ്രതിരോധ മന്ത്രിയായിരുന്നു. അമേരിക്കയുടെ നേതൃത്വത്തിൽ രൂപപ്പെട്ട സൈനിക സഖ്യത്തിന്റെ ശ്രമഫലമായി ഇറാക്കിൽ നിന്ന് കുവൈത്തിന് മോചനം ലഭിച്ചശേഷം രൂപീകരിക്കപ്പെട്ട മന്ത്രിസഭയിൽ സാമൂഹ്യകാര്യ, തൊഴിൽ വകുപ്പ് മന്ത്രിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

1937 ജൂൺ 25നു ജനിച്ച ശൈഖ് നവാഫ് 1921 മുതൽ 1950 വരെ കുവൈത്ത് ഭരിച്ച പത്താമത്തെ അമീർ ശൈഖ് അഹ്മദ് അൽജാബിർ അൽമുബാറക് അൽസ്വബാഹിന്റെ ആറാമത്തെ സന്തതിയാണ്. അറേബ്യൻ ചരിത്രത്തിന്റെ ആഴമുള്ള പ്രതലങ്ങളിലേക്കു വേരുകൾ ഇറങ്ങിനിൽക്കുന്ന അൽസ്വബാഹ് കുടുംബത്തിലാണ് അദ്ദേഹത്തിന്റെ പിറവി. സെക്കന്ററി വിദ്യാഭാസത്തിന്നുശേഷം അദ്ദേഹം ഭരണ ചുമതലകളിലേക്കു തിരിഞ്ഞു. വളരെ ചെറുപ്രായത്തിൽ (1962, ഫെബ്രുവരി 12ന്) ഹവല്ലി ഗവർണർ ആയാണ് അദ്ദേഹം ഔദ്യോഗിക ചുമതലകൾക്കു തുടക്കമിട്ടത്. 1988ൽ പ്രധിരോധവകുപ്പ് മന്ത്രിയും 1991 ൽ സാമൂഹ്യ, തൊഴിൽ വകുപ്പ് മന്ത്രിയും ശേഷം 1994ൽ ദേശസുരക്ഷാ വിഭാഗത്തിന്റെ തലവനുമായി പ്രവർത്തിച്ചു. 2003ൽ ആഭ്യന്തര വകുപ്പ് മന്ത്രിയായി അദ്ദേഹം സർക്കാരിലേക്ക് തിരിച്ചുവന്നു. അധികം താമസിയാതെ ഡെപ്യൂട്ടി പ്രധാനമന്ത്രിയായി. 2006ൽ അമീറിന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെടുന്നത് വരെ ആ സ്ഥാനത്തു തുടർന്നു.

അന്താരാഷ്ട്ര രംഗത്ത് നിരവധി കാർമേഘങ്ങൾ ഉരുണ്ടുകൂടിയ സമയത്താണ് അദ്ദേഹം ലോകത്തെ പ്രമുഖ എണ്ണ സമ്പന്ന രാജ്യങ്ങളിലൊന്നായ കുവൈത്തിന്റെ ഭരണസാരഥ്യം ഏറ്റെടുക്കുന്നത്. ഫലസ്തീൻ പ്രശ്നം, ജൂതന്മാരുമായുള്ള സഹവർത്തിത്വം, ഗൾഫുരാജ്യങ്ങളുടെ ആഭ്യന്തര പ്രശ്നങ്ങൾ, വിശിഷ്യാ ഖത്തറുമായുള്ള ചില ഗൾഫുരാജ്യങ്ങളുടെ പിണക്കങ്ങൾ, ഇറാനും സൗദിയുമായുള്ള സംഘർഷങ്ങൾ തുടങ്ങി സജീവമായ കുറെ പ്രശ്നങ്ങൾ ശൈഖ് നവാഫിന്റെ മേശപ്പുറത്തുണ്ട്. പൊതുവെ വളരെ സൗമ്യനും അവധാനതയോടെ പ്രശ്നങ്ങളെ സമീപിക്കുന്ന വ്യക്തിത്വവുമെന്ന നിലയ്ക്ക് അദ്ദേഹത്തിന് ഗൾഫ് മേഖലയിൽ തന്റെ മുൻഗാമികളുടെ മാതൃകയിൽ ശാശ്വത സമാധാനത്തിനായി പരിശ്രമിക്കാനാവുമെന്നു നമുക്ക് ആശിക്കാം.

വളരെ ജനകീയനായാണ് ശൈഖ് നവാഫ് കുവൈത്ത് ജനതക്കിടയിൽ അറിയപ്പെടുന്നത്. കുവൈത്ത് ജനതയുടെ സുഖദുഃഖങ്ങളിൽ അദ്ദേഹത്തിന്റെ സജീവസാന്നിധ്യമുണ്ടാവാറുണ്ട്. വിദ്യാഭ്യാസ മേഖലയുടെ ഉന്നമനം അദ്ദേഹത്തിന്റെ ഇഷ്ടവിഷയമാണ്. ഒരു സ്വകാര്യ അഭിമാനവും കൂടി ഈ കുറിപ്പുകാരനുണ്ട്. എന്റെ മകൻ അബ്ദുറഹിമാൻ കുവൈത്ത് യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദം നേടിയപ്പോൾ അതിന്റെ അംഗീകാരപത്രം അബ്ദുറഹ്മാൻ കൈപ്പറ്റിയത് ശൈഖ് നവാഫിൽ നിന്നായിരുന്നു.

ടി.കെ.അശ്റഫ്
tkashraf100@gmail.com

# ഉത്തർപ്രദേശിൽ നിന്ന് ഉയരുന്ന വിഷപ്പുകയും ശ്വാസംമുട്ടുന്ന ഇന്ത്യയും

യുപി ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ദിശ തീരുമാനിക്കുന്നതിൽ പലപ്പോഴും നിർണായക പങ്കുവഹിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു സംസ്ഥാനം ഇന്ന് ദുർഭരണത്തിന്റെ പിടിയലമർന്നിരിക്കുകയാണ്. ഈ ഭരണം ഇനിയും തുടർന്നാൽ എന്തു സംഭവിക്കും എന്നതിന്റെ നേർക്കാഴ്ചയാണ് ഇപ്പോൾ ലോകം കണ്ടുകൊണ്ടിരിക്കുന്നത്.

നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോ പുറത്തുവിട്ട പുതിയ റിപ്പോർട്ടുകളിൽ 2016നും 19നും ഇടയിൽ ഉത്തർപ്രദേശിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ 20 ശതമാനം വർധിച്ചിരിക്കുന്നു എന്ന് കാണാം! രാജ്യത്ത് സ്ത്രീകൾ ഏറ്റവും അരക്ഷിതരായ സംസ്ഥാനമാണ് യു.പി. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട 3,946 ബലാത്സംഗ കേസുകളിലെ ഇരകളിൽ 1411ഉം പ്രായപൂർത്തിയാവാത്ത ബാലികമാരായിരുന്നു. പോസ്കോ നിയമപ്രകാരം 5401 കേസുകളാണ് 2018ൽ രജിസ്റ്റർ ചെയ്തത്. 2444 കേസുകൾ സ്ത്രീധനപീഡന മരണങ്ങളായിരുന്നു. പട്ടികജാതി വിഭാഗങ്ങൾക്കെതിരായ കുറ്റകൃത്യങ്ങളിൽ 27.9 ശതമാനം വർധനവ് കാണിക്കുന്നതായാണ് എൻ.സി.ആർ.ബിയുടെ 2017ലെ റിപ്പോർട്ട് വ്യക്തമാക്കുന്നത്. ലോക്ഡൗൺ കാലത്ത് മാർച്ച് മുതൽ സെപ്റ്റംബർ 20 വരെ 5470 പരാതികൾ ദേശീയ വനിതാ കമ്മീഷന് യുപിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

ഇപ്പോഴിതാ ഹത്രാസിൽ ഉന്നതജാതിയിൽ പെട്ടവരെന്ന് ദുരഭിമാനിക്കുന്നവർ ഒരു ദലിത് പെൺകുട്ടിയെ അതിക്രൂരമായി ലൈംഗികാതിക്രമത്തിന് ഇരയാക്കുകയും ദിവസങ്ങൾക്കുശേഷം അവൾ മരണപ്പെടുകയും ചെയ്തിരിക്കുന്നു. ക്രൂരത അവിടംകൊണ്ട് അവസാനിച്ചില്ല; അന്തിമ സംസ്കാരച്ചടങ്ങുകൾക്കു വിട്ടുനൽകണമെന്ന മാതാപിതാക്കളുടെ കേണപേക്ഷക്കുപോലും ചെവികൊടുക്കാതെ നട്ടപ്പാതിര നേരത്ത് മൃതശരീരം പൊലീസ് പെട്രോളൊഴിച്ച് ചുട്ടെരിക്കുകയും ചെയ്തിരിക്കുന്നു! കുടുംബാംഗങ്ങളെ തടവിലാക്കി രാത്രിയുടെ മറവിൽ പെൺകുട്ടിയുടെ മൃതദേഹം പോലീസുകാർ ദഹിപ്പിച്ച നടപടിയിലൂടെ പീഡനം നടന്നില്ലെന്നും ഇതിന്റെ പിന്നിൽ മറ്റു കാരണങ്ങളാണെന്നുമൊക്കെയുള്ള സർക്കാറിന്റെ ന്യായീകരണങ്ങളെല്ലാം തകർന്ന് വീഴുകയാണ്. നീണ്ട മണിക്കൂറുകൾ സംഭവ സ്ഥലത്തേക്ക് പത്രപ്രവർത്തകരെയും പ്രതിപക്ഷ നേതാക്കളെയും അടുപ്പിക്കാതെ ബലംപ്രയോഗിച്ച് തടഞ്ഞതുകൂടി കാണുമ്പോൾ ഹത്രാസ് കേസിൽ ആരോപിക്കപ്പെട്ട കാര്യങ്ങൾ സത്യമാണെന്നു തെളിയുകയാണ്.

പിന്നാക്ക ജനവിഭാഗങ്ങൾക്കും സ്ത്രീകൾക്കുമെതിരെ കടുത്ത അനീതിയാണ് യുപിയിൽ തുടരുന്നത്. അനീതി ആളിക്കത്തുമ്പോൾ അതിനെയണക്കാൻ പ്രതിപക്ഷ പാർട്ടിയിലെ പ്രമുഖ നേതാക്കളായ രാഹുലും പ്രിയങ്കയും പോർമുഖത്ത് നേരിട്ടെത്തി, സർവപ്രതിബന്ധങ്ങളെയും അതിജയിച്ച് ഇരയുടെ വീട്ടിലെത്തി ആശ്വാസം പകർന്നതും സി.പി.എം കേന്ദ്ര കമ്മിറ്റി അംഗങ്ങൾ സന്തപ്തരായ കുടുംബങ്ങളെ സന്ദർശിച്ചതും ജനാധിപത്യവിരുദ്ധ ശക്തികൾക്കെതിരെ നിലയുറപ്പിക്കുന്ന മുഴുവൻ ഇന്ത്യക്കാർക്കും ആവേശം നൽകുന്നതാണ്.

ഇന്ത്യക്കാർ മറ്റെന്തിനെക്കാളും രാജ്യത്തിന്റെ സമാധാനത്തിലാണ് വിശ്വസിക്കുന്നത്. ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷതയിലും സമത്വത്തിലും നാനാത്വത്തിലെ ഏകത്വത്തിലുമാണ് അഭിമാനം കൊള്ളുന്നത്. നീതിന്യായവ്യവസ്ഥയിലാണ് പ്രതീക്ഷയർപ്പിക്കുന്നത്. ചീട്ടുകൊട്ടാരം പോലെ ഇതെല്ലാം ഒന്നിനുപിറകെ ഒന്നായി തകർന്നടിയുന്നു എന്ന പ്രതീതി ഉളവായപ്പോൾ ഇതിനെതിരെ ഒരു മൂവ്മെന്റ് ഉയർന്നു കാണാൻ ആഗ്രഹിക്കുന്നവരെ സന്തോഷിപ്പിക്കുന്നതാണ് രാഹുലിന്റെയും പ്രിയങ്കയുടെയും ചുവടുകൾ.

പെട്ടെന്ന് അണഞ്ഞുപോകുന്ന പ്രതിഷേധങ്ങളല്ല രാജ്യം അവരിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഇന്ത്യയുടെ നഷ്ടപ്പെട്ട ആത്മാവ് തിരിച്ചുപിടിക്കാനാവണം. നിരന്തരമായ ഇടപെടൽ അതിന് അത്യാവശ്യമാണ്. കോൺഗ്രസ്സിന് കെട്ടുറപ്പും മറ്റു പ്രതിപക്ഷ കക്ഷികളെ ചേർത്തുപിടിക്കാനുള്ള നയതന്ത്രജ്ഞതയും ദീർഘവീക്ഷണത്തോടെയുള്ള അജണ്ടകളും അതിന് അനിവാര്യമാണ്. ദേശീയ രാഷ്ട്രീയത്തിൽ നിർണായക നീക്കങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കുന്ന കേരളത്തിൽനിന്നുള്ള ഭാരവാഹികൾക്ക് ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവാദിത്തമുണ്ട്.

wisdomyouth

# പ്രവാചക സ്നേഹം പ്രമാണങ്ങളിൽ

WISDOM YOUTH തത്സമയ

## മുഖാമുഖം

**16 ഒക്ടോബർ**

**വെള്ളി 7.15 PM**

വീഡിയോ കോൾ വഴി സംശയ നിവാരണത്തിനുള്ള അവസരം

LIVE

WisdomGlobalTV

Wisdom Youth

Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 OCTOBER 10

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
# നേർപഥം ക്വിസ് MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
കൂടാതെ ശരിയുത്തരമയക്കുന്ന
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**






QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ അയക്കാൻ 14 ദിവസം...!!**